HYDEL BULLET

Issue - 8, Vol - 10, August 2022

A Monthly Publication of the Kerala State Electricity Board Engineers' Association

Matters of utmost priority – importance of timely action

Under leadership of Hon. Minister Sri.Krishnankutty and CMD Dr.Ashok, some promising steps were taken to revive KSEBL. Public as well as employees are eagerly waiting for continuation of such revival steps. Late actions may not find desired results and delayed actions will lead to a situation where the problems may grow beyond control. Hence we demand quicker decisions and streamlined implementation of steps that will revive KSEBL rather than mere announcements.

Pension Master Trust: Most urgent action item is funding of Pension Master Trust. A very serious and deliberate lapse and neglect happened already in past years in finding a solution for funding the Pension Master Trust mandated in Tri-party agreement inked at the time of KSEBL formation from KSEB.

Cont..page 4

KSEB ENGINEERS' ASSOCIATION

69th Annual

GENERAL BODY MEETING

Electro-Technical Exhibition

ELECTROTECH - 2022

National Seminar

on

Revamping KSEBL in the new paradigm Shift in Power sector

MAMMEN MAPPILAI HALL, Kottayam

25th September 2022

Minsiter, Technologists, Administrators and Experts will be participating

HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 8 Vol - 10 August 2022

KSEB Engineers' Association
Office Bearers 2021 - 22

ASSOCIATION

President
Er Sunil K.

Vice-Presidents
Er G. Shaj Kumar (S)
Er Nagaraj Bhat K.(N)

General Secretary
Er Geetha V.S.

Treasurer
Er Santhosh E.

Organising Secretaries
Er Kunjunni P.S. (S)
Er Shine Sebastian (N)

Secretaries
Er M. Muhammad Rafi (HQ)
Er Nishanth B. (S)
Er Pramod Kumar M. (N)

BENEVOLENT FUND

Chairman
Er Kenny Philip

Vice Chairman
Er Subha T.G.

Secretary
Er Haridas Vijayan

Treasurer
Er Pradeep. S.V.

Joint Secretaries
Er Anu P. Mohanan (South)
Er Vishnu B.S. (North)

EDITORIAL BOARD

Chief Editor
Er K.G. Potti

Associate Editors
Er Sreekumar P.K.
Er Induchoodan D.R.
Er Anoop Vijayan
Er Sreelakshmi L.

Ex. Officio Members
Er Sunil K.
Er Santhosh E.

Contents

- Editorial
- ഓർക്കാം നമുക്ക് *(കവിത)* — *Er ദീപിക ഡി.റ്റി.*
- നിയമം നിയമത്തിന്റെ വഴിയെപോയാൽ *(തീജ്വാല)* — *Er എൻ.ടി. ജോബ്*
- Benefits of the Smart Meters & Advance Metering Infrastructure (AMI) — *Er C.P. George*
- സത്യസ്വരൂപങ്ങൾ *(കവിത)* — *Er മഹേഷ് ടി.*
- നന്ദിയാരോട് ചൊല്ലേണ്ടു — *Er എൻ.ടി. ജോബ്*
- ഹരിതവൈദ്യുതി : സോളാർ, കാറ്റാടി, വൈദ്യുതി ഉൽപാദനത്തിന്റെ പേരിലെ കൊള്ളകളുടെ പിന്നാമ്പുറങ്ങൾ — *Er സി.പി. ജോർജ്*
- Success Re- Defined — *Dr. Thomaskutty Mathew*
- രാമായണത്തിലെ കഥാനുസാരിയായ വഴിത്തിരിവുകളും ധർമ്മാധർമ്മ ദ്വന്ദ്വങ്ങളും — *Er എം. അനിൽ*
- മാറ്റം *(സുഭാഷിതം)* — *Er കെ. ശശിധരൻ*
- ശോചനീയമായ റോഡുകൾ *(നാടുനന്നാകാൻ - 8)* — ***Er** ഇ.എം. നസീർ*
- ഭാഗ്യം — *Er യു.എസ്. രവീന്ദ്രൻ*
- സെമിത്തേരിയിലെ പൂവ് *(തുടർച്ച...)* — *Er അനീഷ് ഫ്രാൻസിസ്*
- Letters by Association

This is in fact a serious breach of agreement condition. It is cristal clear than pension liability till formation of company has to be borne by the Government. Recent news paper articles on pension & fund crunch is creating bad publicity to KSEBL and creating anxiety among employees. Management has to come out transparently with a clear action plan on this without any further delay.

Debt Trap from High Interest Loans: While KSEBL is suffocating with fund crunch, it is illogical and unethical to use KIIFB funds taken at 9-9.5% interest for capital works (Dyuthi). For infrastructure projects with long pay back period (where invested amount will be returned to organization as additional revenue from improved service) worldwide practice is to depend on international funds (OECF,ADB,WB) which is available at 1-1.5% interest. This KIIFB funded capital expenditure will push KSEBL to huge debt trap and we urge the management to revisit such decisions which is suicidal for our organization. Other options like issuing Bonds, listing stocks etc can also be considered.

Realization of arrears from Govt. departments and realization of subsidies and freebees from GoK needs to be addressed. Investing in big solar projects needs to be revisited as Solar power can be purchased at attractive rates instead of making heavy investment.Implementation of Smart metering to be given maximum priority on account of various advantages that can be derived from same.

Investment at right place for time bound targets & Special task force: The way Capital works (Dyuthi) being carried out is no different than age old style of dividing quantities of works to be done equally among all sections. There is no thought process, analysis or rationale behind such apportioning. We suggest a thorough data collection such as loading of DTRs, mapping of lines including LT to understand type of conductors and ageing of our OH lines etc. Instead of fresh investments on construction of new lines and DTRs, what is essential is the Standardization of existing network.

We also suggest segregating sections into 3 categories –Sections having highest revenue, moderate revenue and less revenue. Investments for reducing outage shall be carried out in sections with highest revenue as first priority – by installing UG HT Cables, RMUs, LT UG/ABC etc. Drastic improvement in revenue can be quickly achieved from this and such income can aid investments in category 2 and 3 in a sequential manner. Past experiences shows installing UG without proper coordination and planning with other departments like PWD,KWA and BSNL/Telecom companies may lead to damage, interruption or non accessibility. So installing such UG network shall be done only after preparing a master plan for such sections with LSGD and concerned above mentioned other utilities. and this being a dedicated task, we suggest formation of a special task force for identifying, coordinating with other utilities and executing UG cable networks.

Timely Material Availability & SCM Streamlining: Timely availability of quality material for completing Capital works as per plan as well as for restoring supply is still a big bottleneck and not yet streamlined. Basic inventory management itself is not functioning and as a result materials with low quality is being procured without testing from Divisions and Sub Divisions at higher price jeopardizing whole concept of Supply Chain Management. Availability of basic materials like PSC Poles, conductor, WP wire, Energy Meters HT and LT ABC are all in trouble causing unwanted and avoidable delay to Capital, Maintenance and even service connections. Urgent action is required in this.

Delayed actions and decisions may worsen the situation beyond control. Quality of management lies with how quickly and effectively such issues are getting resolved and that will decide future of KSEBL. Instead of too much diversification, we feel focused actions on core business only can revive the organization.

കവിത

ഓർക്കാം നമുക്ക്

Er. ദീപിക ഡി.റ്റി.
അസിസ്റ്റന്റ്എഞ്ചിനീയർ

ഭാരത മണ്ണിൽ ഇന്നാളുകളിൽ
ഭാരമതില്ലാതുഴറുന്നു നാം
ഭാരത മണ്ണിൻ സ്വാതന്ത്ര്യത്തിന്
ഭാവമതില്ലാതടരാടിയവർ

അറിയുന്നില്ല ഇന്നീ തലമുറ
അവരുടെ ദുഃഖ പൊരുതലുകൾ
അവരുടെ സ്വപ്ന തേരോട്ടങ്ങൾ
അവരുടെ സഹന പോരാട്ടങ്ങൾ

സ്വാതന്ത്ര്യത്തിൻ അമൃതം നുകരും
സ്വാർത്ഥത മാത്രം നെഞ്ചിൽ നിറയും
അറിയുവതുണ്ടോ ഇന്നീ മാനവർ
നെഞ്ചു തകർന്നൊരു തലമുറയെ

എന്തിനുമേതിനും നിയമം പറയും
എപ്പൊഴുമെറിയും പരിഹാസ ശരം
സോഷ്യൽ മീഡിയ തകർത്തൊരു ജനതേ
'സ്വാതന്ത്ര്യം' അത് അവരുടെദാനം

ഓർക്കുക അവരെ നമിക്കുക അവരെ
പിൻതലമുറ തന്നുടെ സ്വാതന്ത്ര്യത്തിന്
രാവും പകലും രക്തം ചീന്തിയ
നന്മനിറഞ്ഞ "മുൻ തലമുറയേ"

ജയ് ഹിന്ദ്

(76-ാമത് സ്വാതന്ത്ര്യദിനം)

തീജ്വാല

നിയമം നിയമത്തിന്റെ വഴിയെ പോയാൽ

Er എൻ.ടി. ജോബ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)

ലോകത്ത് ആദ്യമായി വിജയകരമായി വൈദ്യുതി വിളക്ക് തെളിഞ്ഞത് ഇന്ത്യയിലാണെന്നാണ് ചരിത്രം. ആയിരത്തി എണ്ണൂറ്റി എഴുപത്തി ഒമ്പതിൽ കൽക്കട്ടയിലാണ് അതിനുള്ള ഭാഗ്യമുണ്ടായത്. പിന്നീടുള്ള വളർച്ചയിൽ ലോകത്തിനൊപ്പം ഇന്ത്യയും ഉണ്ടായിരുന്നു. തൊണ്ണൂറ്റിയഞ്ചായപ്പോഴേക്കും കൽക്കട്ട ഇലക്ട്രിക്കൽ കമ്പനി രൂപം കൊണ്ടിരുന്നു. കമ്പനിയായപ്പോൾ തന്നെ നിയന്ത്രി ക്കുവാൻ നിയമത്തിന്റെ ആവശ്യം വന്നതിന്റെ വെളിച്ചത്തിലാണ് തൊണ്ണൂറ്റിയെട്ടിൽ കൽക്കട്ട ഇലക്ട്രിക് ലൈറ്റിംഗ് ആക്ടിന് രൂപം കൊടുത്തത്. അന്ന് ഗ്യാസ് ലൈറ്റുകളും ഇലക്ട്രിക് ലൈറ്റുകളും തമ്മിലായിരുന്നു മത്സരം. മത്സരം കടുത്ത തോടെ തെരുവ് വിളക്കുകൾ ഗ്യാസ് ലൈറ്റിൽ നിന്നും ഇലക്ട്രിക് ലൈറ്റുകളിലേക്ക് ചുവടുമാറ്റം നടത്തി. അതിന്റെ ഭാഗമായി കൽക്കട്ട തെരുവോരങ്ങളിൽ എഴുന്നൂറ്റമ്പതു തെരുവു വിളക്കുകൾ കറന്റിൽ കത്തുവാൻ തുടങ്ങി. അന്നത്തെ നഗരങ്ങളായിരുന്ന ബോംബെയിലും കൽക്കട്ടയിലുമായിരുന്നു ഈ മേഖലയിലെ വളർച്ചയുണ്ടായിരുന്നത്. ജലവൈദ്യുതി വഴി വൈദ്യുതി ഉല്പാദനം തുടങ്ങിയത് തൊണ്ണൂറ്റി ഏഴിൽ ഡാർജിലിങ്ങിലായിരുന്നു. നൂറ്റി മുപ്പതു കിലോവാട്ട് ശേഷിയുള്ള ജനറേറ്ററായിരുന്നു അന്നത്തേത്. ഈ മേഖലയിലെ വികസനം പൊതുവെയും സ്വകാര്യ കമ്പനികളുടേതായിരുന്നു. ബ്രിട്ടീഷുകാരായിരുന്നു ഇന്ത്യയിലെ ഭൂരിഭാഗവും ഭരിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് ഈ സ്വകാര്യ വൈദ്യുതി നിലയങ്ങളെയും വൈദ്യുതി ശൃംഖലയെയും നിയന്ത്രിക്കുന്നതിന് ബേയർ ആക്ട് എന്നു വിളിക്കുന്ന ആയിരത്തിതൊളളായിരത്തി പത്തിലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നു. ഈ മേഖലയ്ക്കുള്ള മൊത്തത്തിലുള്ള നിയമമായി ഇതു നിലകൊണ്ടു. അന്ന് സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി ഉല്പാദനത്തിനും വിതരണത്തിനും അനുവദിക്കുന്ന നിയമമായിരുന്നുണ്ടായിരുന്നത്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ രാജ്യത്ത് ആകെയുണ്ടായിരുന്ന വൈദ്യുതി ഉല്പാദനശേഷി ആയിരത്തി മൂന്നൂറ്റി അറുപത്തിരണ്ടു മെഗാവാട്ടായിരുന്നു. അന്ന് നഗരങ്ങളിൽ മാത്രം കേന്ദ്രീകരിച്ചായിരുന്നു വൈദ്യുതി ഉണ്ടായിരുന്നത്. അതുകൂടാതെ ട്രാംവേകൾക്കു വേണ്ടിയുമായിരുന്നു വൈദ്യുതി പൊതുവെ ഉപയോഗിച്ചിരുന്നത്. സ്വാതന്ത്ര്യ സമയത്ത് ആകെയുണ്ടായിരുന്ന കണക്ഷനുകളിൽ പത്തുശതമാനം മാത്രമാണ് വീടുകളിലേക്ക് ഉപയോഗിച്ചിരുന്നത്. എഴുപതു ശതമാനം കണക്ഷനും വ്യവസായങ്ങൾക്കായിരുന്നു ഉപയോഗിച്ചിരുന്നത്. സ്വാതന്ത്ര്യം

ലഭിച്ചതോടുകൂടി രാജ്യത്തെ എല്ലാ മേഖലക ളിലും വൈദ്യുതി എത്തിക്കണമെന്ന ചിന്ത ഉയരുകയും ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹറുവിന്റെ, പൊതുമേഖല കമ്പനികൾ വൈദ്യുതിക്കും ആവശ്യമാണെന്ന ചിന്തയിൽ നിന്നും ഉടലെടുത്തതായിരുന്നു തൊള്ളായിരത്തി നാല്പത്തിയെട്ടിലെ സപ്ലൈ ആക്ട്. ഈ നിയമം അനുസരിച്ചാണ് ഓരോ സംസ്ഥാനത്തും പൊതുമേഖലയിൽ വൈ ദ്യുതി ബോർഡുകൾ രൂപീകരിച്ചത്. ഉല്പാ ദനം, പ്രസരണം, വിതരണം എന്നിവയെല്ലാം ഒന്നിച്ചു കൈകാര്യം ചെയ്യുന്ന തരത്തിലായി രുന്നു ബോർഡുകളുടെ രൂപീകരണം. അതിനു മുമ്പുണ്ടായിരുന്ന പല സ്വകാര്യ കമ്പനികളും ഇലക്ട്രിസിറ്റി ബോർഡിലേക്കു ലയിക്കുക യാണ് ചെയ്തത്. കേന്ദ്രഭരണ പ്രദേശങ്ങളിൽ ഒഴികെ എല്ലാ സംസ്ഥാനങ്ങളിലും ഇലക്ട്രി സിറ്റി ബോർഡുകൾ രൂപീകരിച്ചപ്പോഴേക്കും പത്തുവർഷമെടുത്തിരുന്നു. കേരളത്തിൽ തൊള്ളായിരത്തി അമ്പത്തേഴിലാണ് ബോർഡ് രൂപീകരിച്ചത്.

ഓരോ നിയമത്തിനും അതിന്റേതായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. ആ കാഴ്ചപ്പാടു കൾക്കനുസരിച്ച് പുരോഗമനം ഉണ്ടാവാതിരി ക്കുമ്പോഴാണ് പുതിയ നിയമങ്ങളുടെ ആവശ്യ കത ഉയർന്നുവരുന്നത്. സ്വാതന്ത്ര്യം ലഭിച്ചതി നുശേഷമുണ്ടായ നിയമംമൂലം വളരെ വലിയ വളർച്ചയാണ് വൈദ്യുത മേഖലയിൽ ഉണ്ടാ യത്. തൊണ്ണൂറുകളെത്തിയപ്പോൾ ഉല്പാദനം അറുപത്തിമൂവായിരം മെഗാവാട്ടായി വളർന്നി രുന്നു. എന്നാൽ തൊണ്ണൂറുകളിൽ ഉല്പാദന ത്തേക്കാൾ കൂടുതലായി ആവശ്യം ഉയരുവാൻ തുടങ്ങുകയും വൈദ്യുതിക്കമ്മി എന്ന പ്രതിഭാസം ആരംഭിക്കുകയും ചെയ്തു. സംസ്ഥാനങ്ങളിലുള്ള ഇലക്ട്രിസിറ്റി ബോർഡുകൾക്ക് വൈദ്യുതി ഉല്പാദന ത്തിനായി കൂടുതൽ പണമിറക്കുവാൻ ബുദ്ധി മുട്ടു നേരിട്ടുതുടങ്ങിയിരുന്നു. അതുകൊണ്ട് വൈദ്യുതി മേഖലയുടെ വളർച്ച മുരടിച്ച അവസ്ഥയിലായി. അതോടുകൂടി വൈദ്യുത മേഖലയിലേക്കു സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി ഉല്പാദന മേഖല യിലെ ലൈസൻസിങ്ങ് സ്വഭാവം തൊണ്ണൂറു കളിൽ വേണ്ടെന്നുവെച്ചു. ഇതിനെ തുടർന്ന് രാജ്യത്താകമാനം വൈദ്യുതി ഉല്പാദന രംഗത്തേക്കു സ്വകാര്യ സംരംഭകർ കടന്നു വന്നു. ആ സമയത്താണ് കേരളത്തിൽ കായംകുളം, ഏലൂർ, കാസർഗോഡ് ഉല്പാദന നിലയങ്ങൾ സ്വകാര്യ മേഖലയിലും കേന്ദ്ര പൊതുമേഖല യിലും നിർമ്മാണം നടന്നത്. പിന്നീട് ഈ പദ്ധതികളെല്ലാം ബാധ്യതയാ യെന്നത് ചരിത്രം. സ്വകാര്യ മേഖലയിലും വൈദ്യുതി ഉല്പാദന നിലയങ്ങൾ വന്നതിന്റെ വെളിച്ചത്തിലാണ് സ്വകാര്യമേഖലയെയും പൊതുമേഖലയെയും നിയന്ത്രിക്കുന്നതിനു വേണ്ടി റഗുലേറ്ററി കമ്മീഷനുകൾ തൊണ്ണൂറ്റി എട്ടിൽ രൂപം കൊണ്ടത്. ഉല്പാദന രംഗത്തേ ക്കു സ്വകാര്യ മേഖല കടന്നുവന്നിട്ടും മൊത്ത ത്തിലുള്ള വൈദ്യുതി മേഖലയിലെ സാമ്പ ത്തിക പ്രതിസന്ധി തീർന്നിരുന്നില്ല. അതിനെ തുടർന്നാണ് രണ്ടായിരത്തിമൂന്നിലെ വൈ ദ്യുതി നിയമം കടന്നുവരുന്നത്. ഈ നിയമത്തി ന്റെ യഥാർത്ഥ ഉദ്ദേശം വൈദ്യുതി മേഖലയിൽ നിന്ന് സർക്കാരുകൾ പിന്മാറിക്കൊണ്ട് പൂർണ മായും സ്വകാര്യ മേഖലയിലേക്കു മാറുക എന്നതായിരുന്നു. എന്നാൽ ഇക്കാര്യം പരസ്യമായി നിയമത്തിൽ പറഞ്ഞിരുന്നില്ല. അതിലേക്കുള്ള ചുവടുവെ പ്പുകളുടെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡുകളെല്ലാം കമ്പനികളാക്കി മാറ്റണമെന്നും, പെൻഷൻ ബാധ്യതകൾ കമ്പനികളിൽ നിന്നും

ഒഴിവാക്കി പെൻഷൻ ട്രസ്റ്റ് രൂപീകരിക്കണമെന്നും. അന്ന് എല്ലാ സംഘടനകൾക്കും പറ്റിയ ഒരു അമളിയായിരുന്നു പെൻഷൻ ട്രസ്റ്റ് രൂപീകരണം. അതിനു പകരം പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്ന നിർബന്ധം പിടിച്ചിരുന്നുവെങ്കിൽ കമ്പനി രൂപീകരണത്തിനുവേണ്ടി പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമായിരുന്നു. അത് സംഭവിക്കാത്തതുകൊണ്ടാണ് ഇന്ന് പെൻഷന്റെ കാര്യത്തിൽ ആശങ്കകൾ ഉയരുന്നത്. രണ്ടായിരത്തിമൂന്നു നിയമം നടപ്പിലാക്കിയപ്പോൾ ശമ്പളത്തെ ബാധിച്ചില്ലെങ്കിലും പെൻഷനെ കുറിച്ച് ആശങ്കകൾ ഉയർത്തി. ഈ നിയമം കൊണ്ടു വരുമ്പോൾ ഇന്ത്യയിലാകെ വൈദ്യുതി ബോർഡുകളുടെ നഷ്ടം എഴുപതിനായിരം കോടി രൂപയായിരുന്നു. ഈ നഷ്ടം ഇല്ലാതാക്കുന്നതിനും വൈദ്യുതി മേഖല ശക്തമാക്കുന്നതിനും വേണ്ടിയാണ് നിയമം കൊണ്ടുവരുന്നതെന്നതായിരുന്നു വാദഗതി. എന്നാൽ ഇന്നത്തെ വൈദ്യുതി യൂട്ടിലിറ്റികളുടെ ഇന്ത്യയിലാകെയുള്ള നഷ്ടം അഞ്ചു ലക്ഷം കോടി രൂപയാണ്. നിയമം നടപ്പിലാക്കിയപ്പോൾ ഉണ്ടാക്കിയ റിസൾട്ട് പ്രതീക്ഷിച്ചതിന്റെ വിപരീതമായിരുന്നു.

നിയമമനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും ബോർഡുകൾ പിരിച്ചുവിട്ട് കമ്പനികൾ രൂപീകരിച്ചപ്പോൾ കേന്ദ്ര ഭരണ പ്രദേശങ്ങളിൽ കമ്പനികൾ രൂപീകരിച്ചില്ലെന്നതിൽ നിന്നും നിയമം ഇരുമ്പുലക്കയല്ലെന്നും തെളിഞ്ഞിരുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളിലും വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി ടെൻഡറുകൾ വിളിച്ചിരുന്നു. മേഖലാ തലത്തിലും ജില്ലാതലത്തിലുമെല്ലാം ലേലം വിളിച്ചു നോക്കിയിട്ടും ആരും എടുക്കുവാൻ വന്നില്ല. ചില സംസ്ഥാനങ്ങളിൽ പതിനൊന്നു കെ.വി. ഫീഡർ അടിസ്ഥാനത്തിൽ ഫ്രാഞ്ചൈസി രീതിയും പരീക്ഷിച്ചിരുന്നു. പക്ഷെ ആ പരീക്ഷണവും വിജയിച്ചില്ല. ഫ്രാഞ്ചൈസികൾക്ക് ഏല്പിച്ചത് തിരിച്ചെടുക്കേണ്ടിവന്നു. രണ്ടായിരത്തിമൂന്ന് നിയമത്തിനു മുമ്പേയുണ്ടായിരുന്ന സ്വകാര്യ വിതരണ കമ്പനികൾക്കു പുറമെ ഡൽഹിയിലും ഗുജറാത്തിലും മാത്രമാണ് സ്വകാര്യവിതരണ കമ്പനികൾ രംഗത്തു വന്നത്. ആകെ ആറു കമ്പനികൾ മാത്രമാണ് ഈ മേഖലയിൽ നിലവിലുള്ളത്. ബോർഡുകളുടെ കീഴിലുള്ള ശൃംഖലകളും ജീവനക്കാരെയും ഏറ്റെടുക്കുന്നതിന് സ്വകാര്യ കമ്പനികൾ മടിച്ചു നിൽക്കുന്നതാണ് സ്വകാര്യ സംരംഭകരുടെ രംഗപ്രവേശത്തിനു തടസം നിൽക്കുന്നതെന്നു മനസ്സിലാക്കിയ നിയമ വിദഗ്ദ്ധരുടെ തലകൾ കൂടിയാലോചിച്ചപ്പോൾ ഉരുത്തിരിഞ്ഞു വന്ന പുതിയ ആയുധമാണ് വൈദ്യുതി നിയമഭേദഗതി - ഇപ്പോൾ ലോകസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ നിയമഭേദഗതി രണ്ടായിരത്തി പതിന്നാലിൽ അവതരിപ്പിക്കുവാനുള്ള ശ്രമം തുടങ്ങിയതാണ്. എന്നാൽ പല കാരണങ്ങൾകൊണ്ടും ശക്തമായ എതിർപ്പു വൈദ്യുതി മേഖലയിൽ നിന്നും, പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളിൽ നിന്നും ഉയർന്നതുകൊണ്ടും കൂടിയാണ് അവതരണം നീണ്ടുപോയത്. അന്ന് അവതരിപ്പിച്ചിരുന്ന ഭേദഗതിയിൽ നിന്നും കാതലായ പല മാറ്റങ്ങളും ഇതിനോടകം വന്നുകഴിഞ്ഞു. വൈദ്യുതി ശൃംഖലകളെയും ജീവനക്കാരെയും ഇപ്പോഴത്തെ കമ്പനികളിൽ തന്നെ നിലനിറുത്തിക്കൊണ്ടാണ് പുതിയ ഭേദഗതി വന്നിരിക്കുന്നത്. ഇതിനെതിരെയും പ്രതിഷേധം കടുത്തതോടുകൂടിയാണ് നിയമഭേദഗതി സ്റ്റാന്റിംഗ് കമ്മിറ്റിക്കു വിട്ടിരിക്കുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാവരുമായി ചർച്ചകൾ നടത്തുകയും അഭിപ്രായ രൂപീകരണമുണ്ടാക്കുകയും ചെയ്യുമെന്നാണ് എല്ലാവരുടെയും പ്രതീക്ഷ.

ഭേദഗതിക്കു പ്രധാന കാരണമായി പറയുന്നത് ജനറേറ്റിംഗ് കമ്പിനികളിൽ നിന്നും വാങ്ങിയ വൈദ്യുതിക്ക് സംസ്ഥാന യൂട്ടിലിറ്റികൾ പൈസ നൽകുന്നില്ല എന്നാണ്. ഇത്തരത്തിൽ ഒന്നരലക്ഷം കോടി രൂപ ബാക്കിയായി നിൽക്കുകയാണ്. അതിന്റെ കൂടെ എല്ലാ സംസ്ഥാനങ്ങളിലും കൂടിയുള്ള നഷ്ടം അഞ്ചുലക്ഷം കോടിരൂപയിലെത്തി നിൽക്കുന്നു. ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി താളം തെറ്റിക്കുന്നു. അതിൽ നിന്നും ഒരു കാര്യം വ്യക്തമാവുകയാണ്. രണ്ടായിരത്തിമൂന്നു നിയമം കൊണ്ടുവന്നിട്ടും ശരിയായ ദിശയിൽ കാര്യങ്ങൾ മുന്നോട്ടുപോയില്ല എന്നർത്ഥം.

ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ പ്രധാനമായിട്ടുള്ളത് ഒരു ഏരിയയിൽ ഒരേ സമയം പല ലൈസൻസികൾക്കു വിതരണം നടത്താം എന്നതാണ്. അവർക്ക് പുതിയ വൈദ്യുതി ശൃംഖല നിർമ്മിക്കാതെ തന്നെ നിലവിലുള്ള ശൃംഖല ഉപയോഗിച്ചുകൊണ്ടുതന്നെ വൈദ്യുതി വിതരണം നടത്താം. ശൃംഖലയുടെ ഉടമസ്ഥന് വീലിങ്ങ് ചാർജ് നൽകിയാൽ മതി, അത് എത്രയെന്ന് റഗുലേറ്ററി കമ്മീഷന് നിശ്ചയിക്കാം. ഈ ഒരു വകുപ്പിനെയാണ് വൈദ്യുതി ജീവനക്കാർ ഒന്നടങ്കം എതിർക്കുന്നത്. സ്വകാര്യവൽക്കരണത്തിനു വേണ്ടിയാണ് ഈ വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നാണ് നിഗമനം, അത് ശരിയുമാണ്. ഇത്തരത്തിൽ നിലവിലുള്ള ഏജൻസികൾക്കു പുറമെ സ്വകാര്യ ഏജൻസികൾ എത്തുമ്പോൾ മത്സരാധിഷ്ഠിതമായി കാര്യങ്ങൾ നടക്കുമെന്നാണ് നിയമഭേദഗതിയുടെ വക്താക്കൾ വീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ കാര്യമെടുത്താൽ ഒരു വർഷം രണ്ടായിരത്തി അറുന്നൂറുകോടി യൂണിറ്റാണ് കൈകാര്യം ചെയ്യുന്നത്. ഇത് മൊത്തമായും പുതിയ ഏജൻസികൾ കൈകാര്യം ചെയ്യുകയാണെങ്കിൽ ഒരു യൂണിറ്റിന് അമ്പതുപൈസ വീലിങ്ങ് ചാർജ് കണക്കാക്കിയാൽ ആകെ ആയിരത്തിമുന്നൂറുകോടി രൂപയാണ് വിതരണ വിഭാഗത്തിനായി ലഭിക്കുക. നമ്മുടെ ഇപ്പോഴത്തെ ആകെ വരുമാനം പതിനാറായിരം കോടി രൂപയാണ്. അതിൽ ജനറേഷൻ വിങ്ങിന് എഴുന്നൂറുകോടി രൂപയും പ്രസരണ വിഭാഗത്തിന് ആയിരത്തി മുന്നൂറു കോടി രൂപയുമാണ് ലഭിക്കുന്നത്. വിതരണ വിഭാഗത്തിന് വീലിങ്ങ് ചാർജായി ലഭിക്കുന്നത് എണ്ണായിരം കോടി രൂപയാണ്. ആ സ്ഥാനത്ത് പുതിയ സംവിധാനത്തിൽ ലഭ്യമാക്കുക മൂവ്വായിരത്തി മൂന്നൂറു കോടിരൂപ മാത്രവും; അതായത് നമുക്കു ലഭിക്കുന്ന തുകയിൽ നാലായിരത്തി എഴുന്നൂറുകോടി രൂപയുടെ കുറവുണ്ടാവും. ഇത് കെ.എസ്.ഇ.ബി.യുടെ നിത്യനിദാന ചെലവുകൾക്കും ശമ്പളത്തിനും പെൻഷനും തികയാതെ വരുമെന്നുള്ളതാണ് പ്രശ്നം. പുതിയ ഏജൻസികൾ കടന്നു വരുമ്പോൾ അവർക്ക് അധികം ജീവനക്കാരില്ലാതെ തന്നെ കൈകാര്യം ചെയ്യുവാൻ സാധിക്കുമെന്നുള്ളതുകൊണ്ട് അവർക്ക് മൂന്നു രൂപയ്ക്കു ലഭിക്കുന്ന വൈദ്യുതി, പ്രസരണ ചാർജും വീലിങ്ങ് ചാർജും ഉൾപ്പെടെ നാലു രൂപയ്ക്കോ നാലു രൂപ അമ്പതുപൈസക്കോ കൊടുക്കുവാൻ സാധിക്കും. എന്നാൽ നമ്മുടെ ശരാശരി യൂണിറ്റ് കോസ്റ്റ് വരുന്നത് ആറു രൂപ ഇരുപതു പൈസയാണ്. അതുകൊണ്ടുതന്നെ പുതിയ ഏജൻസികൾക്ക് നമ്മളെക്കാൾ വില കുറച്ചു വൈദ്യുതി നൽകുവാൻ സാധിക്കും. അങ്ങിനെയുണ്ടാകുന്ന അവസരത്തിൽ അഞ്ചുരൂപയിൽ കൂടുതൽ വൈദ്യുതി നിരക്കുവരുന്നവർ പുതിയ ഏജൻസികളുടെ കീഴിലേക്കുമാറുവാൻ വ്യഗ്രത കാണിക്കും. ഇത് നമ്മുടെ ബിസിനസ്സ് കുറയുവാനിടയാകും. റഗുലേറ്ററി

കമ്മീഷൻ മിനിമം നിരക്കും മാക്സിമം നിരക്കും നിശ്ചയിക്കുമെന്ന് ഭേദഗതിയിൽ പറയുന്നുണ്ട്. അതിൽ താഴെ വിലയ്ക്ക് അവർക്കു വിൽക്കുവാൻ സാധിക്കില്ലെങ്കിലും മാക്സിമം വിലയേക്കാൾ താഴ്ത്തി കൊടുക്കുവാൻ സാധിക്കും. മാർക്കറ്റ് പിടിച്ചെടുക്കുന്നതിനുവേണ്ടി പുതിയതായി വരുന്ന ഏജൻസികൾ വില കഴിയുന്നത്ര കുറയ്ക്കുകയും ചെയ്യും. ഈ അപകടാവസ്ഥ തരണം ചെയ്യുന്നത് പ്രയാസമായിരിക്കും. വൈദ്യുതി ശൃംഖലയുടെ മെയിന്റനൻസ് ചെയ്യേണ്ടത് നമ്മൾ തന്നെയായതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിൽ ഒരു കുറവും വരുത്തുവാൻ നമുക്കു സാധിക്കില്ല. ആയതുകൊണ്ടു തന്നെ ശമ്പള ചെലവിനത്തിലും പെൻഷൻ ചെലവിനത്തിലും ഇപ്പോഴത്തെ സ്ഥിതിതന്നെ തുടരുകയും ചെയ്യും. ജനറേഷൻ മേഖലയും പ്രസരണ മേഖലയും വിതരണ മേഖലയും കെ.എസ്.ഇ.ബി.ക്കു കീഴിൽ തന്നെ നിലനിൽക്കുന്നതുകൊണ്ട് ആരെയും പിരിച്ചുവിടുകയോ വെട്ടിക്കുറയ്ക്കുകയോ വേണ്ടിവരില്ല. എന്നാൽ മത്സരാധിഷ്ഠിതമായി മറ്റു ഏജൻസികളോടു മത്സരിക്കണമെങ്കിൽ നമ്മുടെ ശമ്പള ചെലവ് പകുതിയാക്കേണ്ടിവരും. അതിന് ഒന്നുകിൽ ഇപ്പോൾ ലഭിക്കുന്ന ശമ്പളം പകുതിയാക്കേണ്ടി വരും, അല്ലെങ്കിൽ ജീവനക്കാരുടെ എണ്ണം പകുതിയാക്കേണ്ടിവരും. മത്സരാധിഷ്ഠിതമായി മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ നഷ്ടം വളരെയധികം വർദ്ധിക്കുകയും ബോർഡിനോ സർക്കാരിനോ താങ്ങാവുന്നതിനപ്പുറത്തേക്കു പോവുകയും ചെയ്യും.

വൈദ്യുതി മേഖലയിൽ സർക്കാരുകൾ വഴിയുള്ള മുതൽമുടക്കുകൾ കുറച്ചുകൊണ്ടു സ്വകാര്യ മേഖലയുടെ പണം മുതൽ മുടക്കായി വരുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ലക്ഷ്യംവച്ചിരിക്കുന്നത് എന്നത് എല്ലാവർക്കും അറിയാം. റോഡും വാഹനവും പോലെ നമ്മളും മാറണമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. റോഡിന്റെ മെയിന്റനൻസ് പി.ഡബ്ല്യു.ഡി. നടത്തുമ്പോൾ ആർക്കുവേണമെങ്കിലും റോഡിലൂടെ വാഹനം ഓടിച്ചു പോകാം. ഇവിടെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നത് സർക്കാരാണ്. റോഡും വാഹനവും പോലെ വൈദ്യുതി ശൃംഖല കെ.എസ്.ഇ.ബി. മെയിന്റനൻസ് നടത്തുകയും അതിലൂടെയുള്ള വൈദ്യുതി ആർക്കുവേണമെങ്കിലും കൊണ്ടുപോകാമെന്നുമാണ് സങ്കല്പം. റോഡ് മെയിന്റനൻസ് നടത്തുന്ന ജീവനക്കാർക്ക് സർക്കാർ ശമ്പളം നൽകുന്നതുപോലെ വൈദ്യുതി ശൃംഖല മെയിന്റനൻസ് നടത്തുന്ന കെ.എസ്.ഇ.ബി. യിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റിയാൽ സകലവിധ പ്രശ്നവും തീരും. അങ്ങിനെ വൈദ്യുതി ശൃംഖല മൊത്തമായും സ്വകാര്യ ഏജൻസികൾ വിതരണത്തിനെടുത്താലും ജീവനക്കാരുടെ ആശങ്ക ഒഴിവാകും. ഇനി സംസ്ഥാന സർക്കാരിന് ബുദ്ധിമുട്ടാണെങ്കിൽ കേന്ദ്ര സർക്കാർ ജീവനക്കാരാക്കി മാറ്റിയാലും മതി. വൈദ്യുതി സംബന്ധിച്ച് സംസ്ഥാന സർക്കാരിനും അവകാശമുള്ളതുകൊണ്ട് ഇതു നടപ്പിലാക്കുവാനും വേണ്ടെന്നു വെയ്ക്കുവാനും സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഭേദഗതി നടപ്പിലാക്കുവാനാണ് സംസ്ഥാന സർക്കാർ തീരുമാനിക്കുന്നതെങ്കിൽ കെ.എസ്.ഇ.ബി. ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി ഏറ്റെടുക്കണം. അത്തരത്തിലൊരു മടങ്ങിപ്പോക്ക് ഈ ഭേദഗതിയിൽ അനിവാര്യമാണ്. ഇല്ലെങ്കിൽ മത്സരിച്ചു മത്സരിച്ച് ബി.എസ്.എൻ.എൽ. പോലെ യാകുമെന്ന കാര്യത്തിൽ തർക്കമില്ല.

Benefits of the Smart Meters & Advance Metering Infrastructure (AMI)

Er. C.P. George
Deputy Chief Engineer (Rtd.)

A. Reduced metering reading and data entry cost: Without smart meters, Utilities must send personnel to customer premises to manually read the meter Implementation of AMI enables remote meter reading both regularly and on demand Data entry and processing is performed automatically Overall, AMI should deliver greater convenience at reduced cost relative to traditional meter reading

B. Reduction in time taken for meter reading and bill generation as well as reduction in errors: There are always chances of human errors when meters are read manually or even via automatic handheld devices In addition, the process is time consuming By delivering meter data automatically over communication networks, AMI eliminates human error from the meter reading process as well as make the entire process faster

C. Reduction in cost of disconnection and re connection as it can be managed through remote operation of the AMI system

D. Faster detection of dead meters and hence enhanced revenue protection

E. Real time energy auditing and accurate energy accounting from time stamped meter data

F. Enhanced Revenue per Month: Large share of meters existing in DISCOMs are old and hence the readings are not very reliable With new smart meters, the accurate energy consumption can be captured which will enhance the monthly revenue considerably. It is expected that the monthly payment to AMI Service Provider (can be met from the increased revenue This has been the experience in DISCOMs where AMI has been implemented eg Mysore, Indore, Gujarat, NDMC) With 10 of capex invested by the DISCOM and 15 grant from GoI, and the rest 75 paid monthly over 10 years from increased revenue on a monthly basis is a very attractive option for Utilities.

G. Reduction in Aggregate Technical Commercial (AT& losses): AMI can remotely detect meter tampering and enable real time energy accounting This reduces theft through by passing the meter, thereby substantially reducing aggregate technical and commercial (AT& losses AMI will also streamline the billing, or meter to cash, process considerably by reducing the human errors in meter reading and billing.

H. Enabling faster outage detection and service restoration after faults: Traditionally utilities know about an outage when they receive complaints from affected customers Service restoration requires utility crews to

identify the area and rectify the fault a time consuming and expensive process The Bureau of Indian Standards requires all smart meters to be capable of sending 'last gasp' and 'first breath' messages, which informs the utilities when power has failed or resumed This will reduce outage restoration times leading to financial savings and improved customer satisfaction

I. Better load research and demand forecasting from AMI data can reduce power purchase cost: With meter data time stamped at 15 minute intervals, AMI enables near real time estimation of customer demand and understand customer's power consumption in granular detail This improves DISCOM's load forecasting and enhances the ability to procure the right volumes of power Utility can also implement time of use tariffs for different categories of customers and encourage load shifting with demand response programs These measures could reduce peak load and hence reduce purchase of expensive power during the peak hours.

J. Power quality measurement and management: Smart meters are capable of measuring specific aspects in near real time, such as power factor, over or under voltage, and over current This helps DISCOM to enhance system power quality in conjunction with power quality data from other sources Improved power quality also leads to lower power losses Also, avoided costs associated with investigation of voltage complaints.

K. Asset optimization: AMI data supports granular monitoring of power flows on the distribution network which can help DISCOM identify segments of over and under loading This is valuable information for system planning and optimizing network upgrades AMI data can also help balance load, which reduces power losses Better visibility of loading on the power system will help faster/delayed capacity enhancement and prevention of failure/underutilization of equipment Furthermore, network monitoring can decrease equipment failure rate by identifying phase imbalances and over loading in advance which can be corrected.

L. Ability to operate in pre-paid, post-paid & net metering modes

M. Remote operations: Smart meters typically include remote switching, which allows utilities to remotely disconnect or reconnect where necessary, such as when load is exceeded, for predetermined events, in the case of non-payment, or when a customer move Additionally, Utility can monitor the health of the meter and dispatch maintenance only where necessary.

N. Improvement in reliability indices and its accurate measurement: Enhanced monitoring of the distribution network operations would significantly improve the reliability indices like CAIDI/CAIFI, SAIDI/SAIFI as well as help measure these indices accurately.

O. Reduced load on call centres, customer care centres and billing centres.

P. Smart meters act as feedback points for understanding the behavioural interpretations of energy demand as consumption which can be modified.

Q. Benefits to Transmission and Generation Utilities:

a. Deferred or avoided transmission capacity investments
b. Deferred or avoided generation capacity investments on peak load plants and spinning reserves

R. Benefits to the Customers

a. Error free bills and no need for visiting billing centres
b. Innovative tariff schemes
c. Faster restoration in case of outages
d. Ability to remotely manage and control appliances
e. Potential to save money
f. Remote control of loads in customer premises

S. Benefits to the Society

a. Reduction in carbon footprint
b. Better customer engagement on energy conservation and demand side management initiatives
c. Enhanced customer satisfaction
d. Energy efficiency and energy conservation

✵

കവിത

സത്യസ്വരൂപങ്ങൾ

Er. **മഹേഷ് റ്റി.**
അസിസ്റ്റന്റ് എഞ്ചിനീയർ

ഇഹലോകജീവിതം സാദ്ധ്യമാകാൻ
ഇന്നു രാമ രാജ്യം വരേണ്ടതുണ്ടോ ?
ഇഷ്ടങ്ങളൊക്കെയും സാധ്യമാകും
ഇന്നത്തെ ലോകം ഭേദമല്ലേ?

നന്മയും തിന്മയും നിന്നുള്ളിലെന്നാലും
നന്മ ജയിക്കുമന്ത്യത്തിലെന്നാകിലും
നല്ലതു ചെയ്തു കാലം കഴിയ്ക്കുന്നോർ
നിത്യവുമെണ്ണത്തിലിപ്പോഴും തുച്ഛമല്ലോ !

എത്ര സംവത്സര കാലം കഴിഞ്ഞാലും
എന്റെ ഈ ഭൂമിയിൽ
എല്ലാ തരത്തിലുമുള്ള രൂപങ്ങൾ
എന്നുമുണ്ടാകും സുനിശ്ചിതം.

എണ്ണത്തിലേറിയ ദുഷ്ടമാനസരെ
എന്നുമഹങ്കരിക്കായ്ക ജന്മങ്ങളെ
എത്ര പെട്ടെന്നകറ്റിടുന്നു നീ
എന്നുമെന്നും നിൻ നിയോഗ പൂർത്തിയാലേ

യുഗങ്ങളോരോന്നു മാറുമ്പോഴും
യോഗ്യന്മാരായ യോഗീനാമങ്ങൾ
യമലോകജനബാഹുല്യമേറ്റുവാനായി
യോഗ്യത നേടി എത്തീടുന്നു !

കൃഷ്ണനും ക്രിസ്തുവും രാമനും മോശയും
ബുദ്ധനും ജൈനനും പ്രവാചകനെന്നും
കർമ്മികൾക്കോരോരോ നാമമേകിയാലും
കർമ്മരൂപങ്ങൾ വിഭിന്നമെന്നാകിലും
കർമ്മഫലങ്ങൾക്കൊക്കെയും ഏകഭാവം

സത്യജന്മങ്ങൾക്ക് കാരുണ്യമേകുന്ന
സത്യധർമ്മങ്ങൾ വാഴ്ത്തപ്പെടുന്ന
സർവ്വവ്യാപിയാം സത്യസ്വരൂപങ്ങൾക്ക്
സന്തോഷസംതൃപ്തി നൽകും കാലം !!

✵

നന്ദിയാരോട് ചൊല്ലേണ്ടൂ !

Er എൻ.ടി. ജോബ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട)

1993 മാർച്ച് 31ന് കിഴക്കമ്പലം സബ് സ്റ്റേഷനിലാണ് ജോലിക്കു പ്രവേശിച്ചത്, അന്ന് തന്നെ Er ടൈറ്റസ് ഫിലിപ്പ് സാർ എന്നെ എഞ്ചിനിയേഴ്സ് അസോസിയേ ഷനിൽ അംഗമാക്കി. അതിനുശേഷം ആലുവ, അത്താണി സബ്സ്റ്റേഷനുകളിൽ ഓപ്പറേറ്റ റായും സ്റ്റേഷൻ എഞ്ചിനിയറായും വിയ്യൂർ, അങ്കമാലി കൺസ്ട്രക്ഷൻ സെക്ഷനുകളിലും ജോലി നോക്കിയിരുന്നു. മാടക്കത്ര ലൈൻ മെയ്ന്റനൻസ് സെക്ഷനിൽ ജോലി നോക്കവേ 2001ൽ പ്രൊമോഷൻ ആയി കണ്ണൂർ ലൈൻ മെയിന്റൻസിൽ ജോയിൻചെയ്തു. തലശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ, മുണ്ടയാട് സബ് സ്റ്റേഷൻ സബ്ഡിവിഷൻ എന്നിവിടങ്ങളിലും ജോലി ചെയ്യുവാൻ അവസരം ലഭിച്ചു, മണ്ണുത്തി ഇലക്ട്രിക്കൽ സബ്ഡിവിഷനിൽ ആറു വർഷം ഉണ്ടായി, അതിനു ശേഷം കുണ്ടറമീറ്റർ ടെസ്റ്റിംഗ് സബ്ഡിവിഷനിലായി രിക്കുമ്പോ ഴാണ് പ്രൊമോഷനായി കോഴിക്കോട് ട്രാൻസ് മിഷൻ സർക്കിളിൽ ചെന്നത്. അതിനുശേഷം പൊരിങ്ങൽകുത്തു ജനറേഷൻ ഡിവിഷനിൽ എട്ടു വർഷം ജോലി ചെയ്യുവാനുള്ള ഭാഗ്യം ലഭിച്ചു. ഡെപ്യൂട്ടി ചീഫ് എൻജിനീയറായി ഒരു വർഷം തൃശൂർ ജനറേഷൻ സർക്കിളിൽ ഇരുന്നു കൊണ്ട് സർവീസിൽ നിന്നും വിരമിച്ചു.

1998ൽ തൃശൂർ യൂണിറ്റ് സെക്രട്ടറി ആവുന്ന തോടു കൂടിയാണ് അസോസിയേഷൻ ഭാരവാ ഹിത്വത്തിലേക്കു കടന്നത്, കണ്ണൂർ യൂണിറ്റ് സെക്രട്ടറി, ജി ബി മെമ്പർ, ബെനവലന്റ് ഫണ്ട് ജോയിന്റ് സെക്രട്ടറി, സെക്രട്ടറി, ചെയർമാൻ, അസോസിയേഷൻ വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു.

2001ൽ കണ്ണൂർ വെച്ച് *Er* ശശിയുടെ നിർബ ന്ധത്തിലാണ് പവർ സീനിൽ എഴുതി തുടങ്ങി യത്, അതൊരു തുടക്കമായിരുന്നു. പിന്നീട് ഹൈഡൽ ബുള്ളറ്റിലക്കു ലേഖനങ്ങൾ എഴുതുവാൻ തുടങ്ങി. *Er* കുഞ്ഞുണ്ണിയാണ് അതൊരു ബ്രാൻഡഡ് ആക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചത്. അങ്ങിനെയാണ് തീജ്വാലയുടെ ഉദയം. ഇന്ന് പലരും വിളിക്കു ന്നത് തീജ്വാല ചേർത്താണ്. നാളിതുവരെ മുടക്കം കൂടാതെ അസോസിയേഷൻ ഹൈ ഡൽ ബുള്ളറ്റിൽ എഴുതി. പലരും എഴുതുന്ന കാര്യങ്ങളിൽ അസ്വസ്ഥരായിരുന്നു വെങ്കിലും അതിന്റെ പേരിൽ നടപടിക ളൊന്നും നേരിടേ ണ്ടി വന്നില്ല. ചില ലേഖനങ്ങൾ മാറ്റങ്ങൾക്കു വഴി തുറന്നു എന്ന കാര്യത്തിൽ സന്തോഷ വുമുണ്ട്. 2019 എ ജി ബി യിൽ വെച്ച് നടത്തിയ അധ്യക്ഷ പ്രസംഗത്തിലൂടെ ഉന്നയിച്ച പല കാര്യങ്ങളും പിന്നീട് ചർച്ചാ വിഷയമായി മാറ്റി യെടുക്കുവാനും തിരുത്തലുകൾക്കും പ്രയോ ജനപ്പെട്ടു. എഴുത്ത് ഇപ്പോഴും തുടരുന്നു. പുന്നയൂർക്കുളം, കണ്ണൂർ ഠൗൺ, ഇരിട്ടി സബ് സ്റ്റേഷനുകൾക്കുള്ള സ്ഥലമെടുപ്പ് നടത്തു വാൻ സാധിച്ചു, അഴിക്കോട്, ചൊവ്വ, സബ്സ്റ്റേഷനുകളുടെ നിർമാണ പ്രവർത്തനത്തിന് മുന്നിൽ നിൽക്കുവാൻ സാധിച്ചു. നെടുമ്പാ ശ്ശേരി എയർപോർട്ട് വരുന്നതിനുവേണ്ടി 110 കെ.വി. ലൈനുകൾ മാറ്റുന്ന അങ്കമാലി ഓഫീ സിൽ 110 കെ.വി. ലൈനിന്റെ കൺസ്ട്രക്ഷൻ വർക്കിൽ ഭാഗമായി. ഇടമലയാർ കളമശ്ശേരി ലൈൻ പുതിയ തായി കുറെ ദൂരം നിർമിക്കുന്നതിൽ

അസിസ്റ്റന്റ് എൻജിനിയർ നിലയിൽ ഉണ്ടായിരുന്നു. മാടക്കത്തറ മേജർ ട്രാൻസ് മിഷൻ സെക്ഷനിൽ മൂന്നുവർഷം ഉണ്ടായി. രാത്രികൾ പകലാക്കി മാറ്റിയ വർക്ക് ആയി രുന്നു, ഇതിൽ ജോലി ചെയ്തത് ഒരു അനുഗ്രഹമായിരുന്നു. അത്രയ്ക്ക് കടുപ്പമേറിയ വർക്ക് ആയിരുന്നു; ഏതു സാഹചര്യവും നേരിടാനുള്ള ധൈര്യം ഇതിൽ വർക്ക് ചെയ്തത് കാരണം ഉണ്ടായി. ഇതിൽ വർക്ക് ചെയ്യുന്നതിനിടയിൽ രണ്ടു തവണ മരണത്തെ മുഖാമുഖം കണ്ട അപകടങ്ങൾ ഉണ്ടായി, ദൈവാനുഗ്രഹത്താൽ രക്ഷപ്പെട്ടു. ഇവിടെ നിന്നും നേരെ പോയത് കണ്ണൂർക്കായിരുന്നു. അവിടെയും ലൈൻ മെയിന്റനൻസ് തന്നെയാ യിരുന്നു തുടക്കം.നല്ലളം മുതൽ കാസർഗോഡ് തലപ്പാടി വരെയും മാനന്തവാടി വരെയുമുള്ള ലൈനുകൾ ഉണ്ടായിരുന്നതുകൊണ്ട് ദിവ സവും യാത്രകളായിരുന്നു. പുന്നയൂർക്കുളം, ഇരിട്ടി സബ്സ്റ്റേഷനുകളുടെ ലൈൻ സർവ്വേ എന്നീ വർക്കുകളിലും ഭാഗമാകുവാൻ കഴി ഞ്ഞു. പൊരിങ്ങലിൽ 2013ഡിസംബറിൽ റെനോവിഷൻ വർക്കുകൾ നടന്നു കൊണ്ടിരി ക്കുമ്പോഴാണ്എത്തിയത്. 2015 മെയ് മാസ ത്തോടുകൂടി നാലു പുതിയ ജനറേറ്ററുകൾ കമ്മീഷൻ ചെയ്യുവാൻ സാധിച്ചതിൽ അഭിമാനമുണ്ട്. പ്രൊജക്റ്റ് മാനേജരായിവർക്ക് ചെയ്തു, മൂന്നു പെൻസ്റ്റോക്കുകളുടെ നവീകര ണവും അക്കാലഘട്ടത്തിൽ നടന്നു. 2018ലെ പ്രളയം കൊണ്ട് തകർന്ന പൊരിങ്ങൽ പവർ ഹൗസുകളുടെ പുനരുദ്ധാരണ പ്രവർത്ത നങ്ങൾ മറക്കാനാവാത്ത അനുഭവങ്ങളാണ് സംഭാവന ചെയ്തത്. ഒരു വർഷത്തിലേറെ സമയമെടുക്കുമെന്നു എല്ലാവരും കരുതിയ പവർ ഹൗസ് നാലുമാസത്തിനുള്ളിൽ തിരിച്ചു കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞത് ഒരു അഭി മാന നിമിഷം തന്നെയായിരുന്നു. ആഢ്യൻപാറ പവർ ഹൗസിൽ മൂന്നു വർഷവും പ്രളയം നാശ നഷ്ടങ്ങൾ ഉണ്ടാക്കിയിരുന്നു. ഉപേക്ഷി ക്കേണ്ടിവരുമെന്ന് കരുതിയ സ്റ്റേഷൻ തിരിച്ചു സെർവീസിൽ കൊണ്ട് വരുവാൻ കഴിയുകയും ഈവർഷം റെക്കോർഡ് വൈദ്യുതി ഉത്പാ ദനം നടത്തുവാനും കഴിഞ്ഞു. അതിൽ Er.മിനി യുടെ നേതൃത്വത്തിലുള്ള സിവിൽ ടീം വഹിച്ച പങ്ക് വളരെയധികം അഭിനന്ദനങ്ങൾ അർഹി ക്കുന്നു. ഷോളയാർ പവർ ഹൗസിന്റെ നവീക രണ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നു ജനറേറ്ററുകളും മാറ്റി പുതിയവ കമ്മീഷൻ ചെയ്തു, അങ്ങിനെ ഏഴു വർഷത്തിൽ ഏഴു ജനറേറ്ററുകളും മൂന്ന് പെൻസ്റ്റോക്കുകളും മാറ്റി സ്ഥാപിക്കുവാൻ സാധിച്ചു. മണ്ണുത്തി ഇലക്ട്രിക്കൽ സബ്ഡിവിഷനിൽ ഉണ്ടായ ആറു വർഷത്തിനിടയിലാണ് ക്ലാസുകൾ എടുക്കു വാൻ തുടങ്ങിയത്, Er.ഗായത്രി മാഡം ആയിരുന്നു വിവരാവകാശത്തിൽ വിവരമി ല്ലാത്ത എന്നെക്കൊണ്ട് ക്ലാസ്സ് എടുപ്പിച്ചത്. കോഴിക്കോട്, തൃശൂർ, കോട്ടയം ആർപിടിഐ കളിൽ ഇരുന്നൂറിലേറെ ക്ലാസ്സ് എടുക്കുവാൻ കഴിഞ്ഞത് ഓർക്കുമ്പോൾ അതിശയമാണ്, അതും ഡിസ്ട്രിബൂഷൻ വിഷയങ്ങളിൽ ആയിരുന്നു ക്ലാസ്സ്. ഈ കാലയളവിലാണ് പട്ടിക്കാട് സെക്ഷനുകീഴിൽ വരുന്ന ഒളകര, കരടിക്കുണ്ട്, മണിയൻകിണർ, വെള്ളക്കാരി ത്തടം തുടങ്ങിയ ആദിവാസി മേഖലകളിൽ വർഷങ്ങളായി തടസപ്പെട്ടു കിടന്നിരുന്ന വൈദ്യുതീകരണം യു ജി കേബിളുകൾ ഉപയോഗിച്ച് നടത്തുവാൻ കഴിഞ്ഞത്. അവസാനം സ്ക്രാപ്പ് ചെയ്യുവാൻ തീരുമാനിച്ച ബി ഡി പി പി, ചെയർമാന്റെ നിർദേശ പ്രകാരം ട്രയൽ റൺ നടത്തുന്നതിനും സാധിച്ചു, അങ്ങി നെ ഒരു പാട് കാര്യങ്ങളിൽ ഭാഗഭാക്കാകുവാൻ കെ എസ് ഇ ബി അവസരം നൽകി. എന്നേ ഞാനാക്കി വളർത്തിക്കൊണ്ടുവന്നതിൽ കെഎസ്ഇബി എഞ്ചിനിയേർസ് അസ്സോസി യേഷനുള്ള പങ്ക് വിവരിക്കുവാൻ വാക്കു കളില്ല. എന്നോടൊപ്പം വർക്കിന് ഒപ്പമുണ്ടായ എല്ലാവർക്കും, അസോസിയേഷൻ പ്രവർത്ത നങ്ങളിൽ ഒപ്പമുണ്ടായിരുന്നവർക്കും, മാർഗ നിർദേശങ്ങൾ നൽകിയ എല്ലാവരെയും നന്ദി യോടെ സ്മരിച്ചുകൊണ്ട്.

Er എൻ.ടി. ജോബ്

ഹരിതവൈദ്യുതി : സോളാർ,കാറ്റാടി വൈദ്യുതി ഉൽപാദനത്തിന്റെ പേരിലെ കൊള്ളകളുടെ പിന്നാമ്പുറങ്ങൾ

സി. പി. ജോർജ്ജ്

ആമുഖം

ആഗോള താപമാന പ്രശ്നങ്ങളും അന്തരീക്ഷമലിനീകരണങ്ങളും കൽക്കരിക്ഷാമവും ഊർജ്ജ സുരക്ഷയും എല്ലാം വലിയ പ്രശ്നങ്ങളായി ലോക ജനതയുടെ മുന്നിൽ നിൽക്കുമ്പോൾ ഹരിത വൈദ്യുതിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കേണ്ടതും ഹൈഡ്രോക്കാർബൺ വൈദ്യുതിയുടെ ഉപഭോഗം കുറക്കേണ്ടതും മനുഷ്യരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ തന്നെ.

എന്നാൽ അതിന്റെ പേരിൽ വൈദ്യുതി ഉപഭോക്താക്കളായ സാധാരണക്കാരിൽ സാധാരണക്കാരെ ചൂഷണം ചെയ്യാൻ സമൂഹത്തിലെ ഉന്നത ശ്രേണിയിൽ വിരാചിക്കുന്നവരെ അനുവദിക്കുന്ന രീതിയിൽ ഇവിടത്തെ കാര്യങ്ങളെ കൊണ്ടുചെന്ന് എത്തിക്കുന്നത് എത്രത്തോളം അംഗീകരിക്കാനാവും? അതായത് വൈദ്യുതി ചാർജ്ജിൽ സബ്സിഡി അർഹിക്കുന്ന വിഭാഗങ്ങളുടെ ചെലവിൽ ലക്ഷങ്ങളുടെ നിക്ഷേപങ്ങൾ നടത്താൻ ശേഷിയുള്ളവർ വൻ ലാഭമുണ്ടാക്കുന്ന സ്ഥിതി വിശേഷം എന്തു സാമൂഹിക നീതിയാണ് വിഭാവനം ചെയ്യുന്നത്?

എന്നാൽ ഹരിത ഊർജ്ജത്തെ പ്രോൽസാഹിപ്പിക്കുന്നതിന്റെ പേരിൽ ഇവിടെ നടക്കുന്നത് സാമൂഹിക നീതിയുടെ നിഷേധവും "reverse subsidy" യുടെ സാഹചര്യങ്ങൾ സൃഷ്ടിച്ച് അതിലൂടെ സ്വാർഥലാഭത്തിനായി നടക്കുന്ന സംഘടിത ചൂഷണങ്ങളുമാണ് എന്നത് പറയാതെ വയ്യ!

അറിഞ്ഞോ അറിയാതെയോ സർക്കാരും, എന്നാൽ കാര്യങ്ങൾ കൃത്യമായി അറിഞ്ഞു കൊണ്ടു തന്നെ സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷനും വൈദ്യുത ബോർഡും ഈ കൊള്ളയ്ക്ക് ദശാബ്ദങ്ങളായി കൂട്ടു നിൽക്കുന്നു എന്നും പറയാതിരിക്കാൻ ആവില്ല.

ഹരിത വൈദ്യുതിയുടെ പ്രോൽസാഹനത്തിന്റെ പേരിൽ കേരളത്തിൽ നടക്കുന്ന പല കാര്യങ്ങളും കേന്ദ്ര വൈദ്യുതനയങ്ങളുടെ അന്തസത്തയ്ക്ക് നിരക്കാത്ത ചൂഷണങ്ങളും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങളുടെയും കേന്ദ്ര വൈദ്യുത റഗുലേറ്ററി കമ്മീഷനും(CERC) കേന്ദ്ര വൈദ്യുത അതോറിറ്റിയും(CEA) പുറപ്പെടുവിച്ച ചട്ടങ്ങളുടെ ലംഘനവും ആണ് എന്നതും പരസ്യമായ വസ്തുതകളാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ നയങ്ങളെ എതിർക്കുന്ന രാഷ്ട്രീയത്തിന്റെ തണലിൽ ഇത്തരം കൊള്ളകൾ അധികാര കേന്ദ്രങ്ങളുടെ മൌനാനുവാദത്തോടെ തഴച്ചു വളരാൻ പറ്റിയ സാഹചര്യങ്ങൾ ഇവിടെ ഒരുക്കപ്പെട്ടിരിക്കുന്നു.

അല്പം ചരിത്രം

വിതരണ ശൃംഖലയുമായി ഘടിപ്പിക്കപ്പെടുന്ന ഉൽപാദന ശ്രോതസ്സുകൾക്കായി കേന്ദ്ര വൈദ്യുത അതോറിറ്റി 2013 ൽ പ്രത്യേകം മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതുവരെ ഈ ശ്രോതസ്സുകൾ എല്ലാം കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ **2007-ലെ കണക്ടിവിറ്റി മാനദണ്ഡങ്ങളും 2010 - ലെ ഗ്രിഡ് മാനദണ്ഡങ്ങളും CERC യുടെ 2010 ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ഗ്രിഡ് കോഡും** അനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായിരുന്നു.

ഇതനുസരിച്ച് ശൃംഖലയിൽ ഘടിപ്പിക്കപ്പെട്ട ഏതൊരു ജനറേറ്ററും വൈദ്യുതി ഉൽപാദനത്തെ സംബന്ധിച്ച ഓരോ 15 മിനിറ്റിലേയും വിവരങ്ങൾ 96 ബ്ലോക്കുകളായി തലേന്നു തന്നെ ബന്ധപ്പെട്ട SLDC യെ അറിയിച്ച് അംഗീകാരം വാങ്ങണം.

മാത്രവുമല്ല സോളാർ വൈദ്യുതിയെയും കാറ്റാടി വൈദ്യുതിയുടെയും നിർവചിക്കാനാവാത്തതും ഇടവിട്ടുള്ളതും സീസൺ അനുസരിച്ചും സമയക്രമമനുസരിച്ചും മാറുന്നതുമായ സ്വഭാവം ശൃംഖലയുടെ സുരക്ഷിതത്തെയും വിശ്വാസ്യതയെയും ബാധിക്കാതിരിക്കാതെ നിരീക്ഷിക്കാൻ 5 MW ന് മുകളിലുള്ള ഹരിത വൈദ്യുത ശ്രോതസ്സുകൾ CERC യുടെ (Cetnral Eletcrictiy Regulatory Commission) സ്വന്തം നിയന്ത്രണത്തിലും നിരീക്ഷണത്തിലും ആക്കിയിരുന്നു. ഇൻഡ്യൻ ഇലക്ട്രിസിറ്റി ഗ്രിഡ് കോഡിൽ സോളാർ കാറ്റാടി വൈദ്യുതിയ്ക്ക് മുൻ നിശ്ചയിച്ച (15 മിനിറ്റുകളുടെ 96 ബ്ലോക്കിൽ) ഉൽപാദനത്തിന് അതനുസരിച്ചുള്ള വ്യതിയാന (deviation) മാനദണ്ഡങ്ങളും (എകദേശം 20% മുതൽ 30% വരെ) അനുവദിച്ചിരുന്നു.

എന്നാൽ സിയാൽ (CIAL) ഉൾപ്പെടെയുള്ള കേരളത്തിലെ വൻകിട സോളാർ കാറ്റാടി ഉൽപാദകർ ഈവക ചട്ടങ്ങൾ അനുസരിക്കാൻ കൂട്ടാക്കാതിരിക്കുകയും ഇവ നടപ്പാക്കാൻ ഉത്തരവാദികളായ സർക്കാരും KSEBയും സംസ്ഥാന വൈദ്യുത റഗുലേറ്ററിക്കമ്മീഷനും സാങ്കേതികവും സാമ്പത്തികവുമായി വലിയ ചൂഷണസാദ്ധ്യതകളും നഷ്ടസാദ്ധ്യതകളും ഉള്ള ഇക്കാര്യത്തിൽ കുറ്റകരമായ മൗനംപാലിക്കുകയും ചെയ്യുന്നു എന്നതാണ് വാസ്തവം.

വൈദ്യുതി നിയമം 2003 ന് ശേഷം വൈദ്യുതിയുടെ വിപണിവില അതിന്റെ ആവശ്യകതയനുസരിച്ച് നിശ്ചയിക്കപ്പെടുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ എത്തപ്പെട്ടു. അതനുസരിച്ച് വൈദ്യുതി ഉൽപാദനത്തിൽ ABT (Availabiltiy Based Tariff) നടപ്പാക്കപ്പെടുകയും ഒരു ദിവസത്തെ 15 മിനിറ്റിന്റെ 96 ബ്ലോക്കുകളായി തിരിച്ച് ഉൽപാദന നിലയങ്ങളിൽ നിന്നുമുള്ള ഉൽപാദനം ക്രമീകരിക്കപ്പെടുകയും അതനുസരിച്ച് അന്തർ സംസ്ഥാന വൈദ്യുത വിപണി സജ്ജീകരിക്കപ്പെടുകയും സ്വതന്ത്ര വൈദ്യുതി എക്സ്ചേഞ്ച് നിലവിൽ വരികയും ചെയ്തതോടെ വൈദ്യുതിയുടെ വിപണിവില ബ്ലോക്ക് തലത്തിൽ (ഓരോ 15 മിനുട്ട് ടൈം ബ്ലോക്ക്) പ്രത്യേകം നിശ്ചയിക്കപ്പെട്ടു. ഫലത്തിൽ വൈദ്യുതിയുടെ വില, ഓരോ 15 മിനിറ്റ് ബ്ലോക്കിലും ശൃംഖലയിലെ വൈദ്യുതിആവശ്യകതക്കനുസരിച്ച് പ്രത്യേകം പ്രത്യേകം നിശ്ചയിക്കപ്പെടുന്ന രീതിയിലേക്ക് വൈദ്യുത വിപണി മാറ്റപ്പെട്ടു. ഇത് പീക്ക് സമയങ്ങളിലെയും ഓഫ് പീക്ക് സമയങ്ങളിലേയും സാധാരണ പകൽ സമയങ്ങളിലെയും വൈദ്യുതിയുടെ വിലയിൽ വിപണിയിലെ ആവശ്യകതക്കനുസരിച്ച് കാര്യമായ അന്തരങ്ങൾ ഉണ്ടാക്കുന്ന സ്ഥിതിയിലേക്ക് വിപണിയെ എത്തിച്ചു. ഇതിനും പുറമെ 24 x 7 വൈദ്യുതി ഉറപ്പു പറയുന്ന ദീർഘകാല വൈദ്യുത കരാറുകൾ, മീഡിയംകാല വൈദ്യുത കരാറുകൾ, ഹ്രസ്വകാല വൈദ്യുത കരാറുകൾ എന്നിവയും അവയുമായി ബന്ധപ്പെട്ട ഇടപാടുകളും 96 ബ്ലോക്കിലെയും വൈദ്യുതിയുടെ ലഭ്യതയെ പ്രത്യേകം കണക്കാക്കി വിലയിരുത്തപ്പെട്ടു. കൂടാതെ വിവിധ ബ്ലോക്കുകളുടെയും പീക്ക് സമയത്തെയും വൈദ്യുതിയുടെ ലഭ്യത ആ സമയത്തെ ആവശ്യകതയെ വിലയിരുത്തി പ്രത്യേക വൈദ്യുത ഇടപാടുകൾ വഴി നടത്തുന്നത് വൈദ്യുതി ശൃംഖലയുടെ ഉപയോഗത്തെയും ഹരിത ഊർജ്ജ സ്രോതസ്സുകൾ ഉൾപെടെയുള്ള വിവിധ സ്രോതസ്സുകളുടെ ഉപഭോഗത്തെയും കൂടുതൽ കാര്യക്ഷമമാക്കാനും വൈദ്യുത വിതരണത്തിന്റെ വിശ്വാസ്യത കൂട്ടാനും

പ്രയോജനപ്പെട്ടു. (Fig-1: കാണുക).

ചുരുക്കിപ്പറഞ്ഞാൽ സ്വതന്ത്ര വൈദ്യുത വിപണിയുടെ വളർച്ചയിലൂടെ ഒരു ദിവസത്തെ വിവിധ സമയങ്ങളിലെ വൈദ്യുതി ലഭ്യതയ്ക്കും വിലയ്ക്കും സമയാധിഷ്ഠിതമായി ഉണ്ടാകാവുന്ന അന്തരങ്ങൾ വിലയിരുത്താതെ ഹരിത വൈദ്യുതിയുൾപെടെയുള്ള വൈദ്യുതി ഇടപാടുകൾ നടത്തുന്നത് ഒരു വൈദ്യുത വിതരണ യൂട്ടിലിറ്റിക്ക് ന്യായമായ വിലയിലും മേന്മയിലും വിശ്വാസ്യതയിലും സ്വന്തം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യാനുള്ള സാഹചര്യത്തെ ഇല്ലാതാക്കും എന്നതിൽ സംശയം ഇല്ല.



Fig-1: Block wise price of eletcrictiy in IEX for a day (20/07/2022)

പകൽ സമയത്തേക്കാൾ വളരെ ഉയർന്ന വില വൈകിട്ട് 6 മണി മുതൽ രാത്രി 11 മണി വരെയുള്ള പീക്ക് സമയത്തും രാത്രിയിലും കാണാവുന്നതാണ്

ഈ സാഹചര്യത്തിൽ വേണം CIAL ഉൾപെടെയുള്ള സോളാർ വൈദ്യുതി ഉൽപാദകർ രാജ്യത്തെ ഊർജ്ജ മേഖലയിലെ സാങ്കേതികവും സാമ്പത്തികവുമായ സ്ഥിരതയെ ലക്ഷ്യമാക്കി കേന്ദ്രസർക്കാരും കേന്ദ്ര വൈദ്യുത അതോറിറ്റിയും കേന്ദ്ര വൈദ്യുത റഗുലേറ്ററിക്കമ്മീഷനും പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങളെയും ചട്ടങ്ങളെയും അട്ടിമറിച്ചും നോക്കുകുത്തിയാക്കിയും കേരളത്തിലെ സാധാരണ ഉപഭോക്താക്കളിൽ അധികഭാരം ചുമത്തി വൻ തുകയുടെ ചൂഷണം നടത്തി സമ്പൂർണ സൗരോർജ്ജ വിമാനത്താവളം എന്നു മേന്മ പറയുന്നത്.! വിപണിയിൽ കുറഞ്ഞ ആവശ്യകതയും വിലയുമുള്ള പകൽസമയത്ത് ഉണ്ടാക്കുന്ന സോളാർ വൈദ്യുതി ഗ്രിഡിലേയ്ക്ക് കയറ്റുമതി ചെയ്ത് കൂടിയ ആവശ്യകതയും വിലയുമുള്ള പീക്ക് സമയങ്ങളിലും രാത്രി സമയങ്ങളിലും തിരിച്ചുപയോഗിക്കാൻ അനുവദിക്കുന്ന നിയമമോ ചട്ടമോ ഇല്ലാതിരുന്നിട്ടും അവയെയെല്ലാം നോക്കുകുത്തിയാക്കി അജ്ഞതയുടെ ബലത്തിൽ മേന്മ പറയുന്നതിലും കയ്യടി നേടുന്നതിലും അവാർഡ് വാങ്ങുന്നതിലും എന്തർഥം?! (കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതുക്കിയ നിയമമായ Electricity (Rights of the Consumer) Rule, 2021 ഭേദഗതി പ്രകാരം പോലും 500kW യിൽ മുകളിൽ ശേഷി യുള്ള പ്ലാന്റുകൾക്ക് നെറ്റ്മീറ്റ റിങ് അനുവദിച്ചിട്ടില്ല എന്നതും ഇവിടെ ഓർക്കേണ്ടതാണ്.)

രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ ഒരു വൈദ്യുതി ഉൽപാദകൻ എന്ന നിലയിൽ ഉൽപാദിപ്പിക്കുന്ന സോളാർ വൈദ്യുതി ശൃംഖലയിലേക്ക് കയറ്റുമതി ചെയ്താൽ ബന്ധപ്പെട്ട ഓരോ 15 മിനിറ്റിലും ഉൾപ്പെടുന്ന 96 ബ്ലോക്കുകളിലായി കണ ക്കാക്കി പരസ്പര സമ്മതത്തോടെ ഏർപ്പെട്ട കരാർ പ്രകാരമുള്ള വിപണി വിലയ്ക്ക് വാങ്ങു കയും ഒരു ഉപഭോക്താവ് എന്ന നിലയിൽ ശൃംഖലയിൽ നിന്നും ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഏതൊരു ഉപഭോക്താവിനെയും പോലെ താരീഫ് ഉത്തരവുപ്രകാരമുള്ള തുക അടയ്ക്കുകയും ചെയ്യുന്നതിന് പകരം ഉൽപാദ

കൻ എന്ന നിലയിൽ ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത വൈദ്യുതിയും ഉപഭോക്താവ് എന്ന നിലയിൽ ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതിയും തമ്മിൽ തട്ടിക്കിഴിച്ച് ബില്ല് ചെയ്യുന്നത് 2013ന് മുൻപ് നിയമപരമായി ആർക്കും (irrespective of the connected load or generation capactiy) അനുവദനീയമായിരുന്നില്ല എന്നു മാത്രമല്ല അതുമൂലം വിതരണ യൂട്ടിലിറ്റിക്ക് ഉണ്ടാവുന്ന സാമ്പത്തിക ബാദ്ധ്യത അതി ഭീമവുമാകാൻ സാദ്ധ്യതകൾ ഏറെയായിരുന്നു.

വിപണിയിൽ കുറഞ്ഞ വിലയുള്ള പകൽ സമയങ്ങളിൽ ഗ്രിഡിലേക്ക് കൊടുക്കുന്ന വൈദ്യുതി കൂടിയ വില നിലനിൽക്കുന്ന പീക്ക് സമയങ്ങളിൽ ഉപയോഗിക്കാൻ അനുവദിക്കുമ്പോൾ ഉണ്ടാവുന്ന സാമ്പത്തിക ബാദ്ധ്യത യൂട്ടിലിറ്റിക്ക് മറ്റു സാധാരണ ഉപഭോക്താക്കളിൽ ചുമത്തിയാൽ മാത്രമേ പീക്ക് സമയത്ത് വിപണിയിൽ നിന്നും കൂടിയ വിലയ്ക്ക് വാങ്ങി ഗ്രിഡിലെ ആവശ്യകത തൃപ്തിപ്പെടുത്തുന്ന യൂട്ടിലിറ്റിയുടെ വൈദ്യുതി വാങ്ങൽ ചെലവ് നടന്നു പോകുകയുള്ളൂ.

2013ൽ കേന്ദ്ര വൈദ്യുത അതോരിറ്റി വിതരണ ശൃംഘലയിൽ (33kV യിൽ താഴെ) ഘടിപ്പിക്കുന്ന വൈദ്യുത സ്രോതസ്സുകളെ സംബന്ധിച്ച പ്രത്യേക മാനദണ്ഡം പുറപ്പെടുവിക്കുകയും അതിന്റെ ചുവടുപിടിച്ച് സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ ഹരിത വൈദ്യുതിയുടെ ഉൽപാദനത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി വിതരണ മേഖലയിൽ 11 kV യിലും LT വോൾട്ടേജ് ലെവലുകളിലും ഘടിപ്പിക്കപ്പെടുന്ന Grid Interactive Solar ന് വേണ്ടി 2014 ൽ പ്രത്യേകം ചട്ടം പുറപ്പെടുവിച്ചതോടെയാണ് ഹരിത വൈദ്യുതി ഉൽപാദിപ്പിക്കുന്ന ചെറിയ ഉൽപാദന പ്ലാന്റുകളുടെ പ്രവർത്തനത്തിന് പ്രത്യേക പരിഗണന വന്നത്. എന്നാൽ ബന്ധപ്പെട്ട KSERC ചട്ടങ്ങൾ പ്രകാരവും CEA യുടെ മാനദണ്ഡങ്ങൾ പ്രകാരവും 11kV യോ താഴെയോ വോൾട്ടേജ് ലെവലിലും 1 MW ൽ താഴെ ശേഷിയുമുള്ള പ്ലാൻറുകൾക്കാണ് പ്രത്യേക പരിഗണനയും നെറ്റ് മീറ്റർ പ്രകാരമുള്ള ബില്ലിംഗും അനുവദിച്ചത്. ഇതിൽ പെടാത്ത സോളാർ കാറ്റാടി വൈദ്യുതി ഉൽപാദകർക്ക് ഗ്രിഡിലെ മറ്റു ഉൽപാദകർക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും ബാധകമാണ്. അതനുസരിച്ച് അവർ ലൈസൻസിയുമായി ഏർപ്പെട്ട കരാർ പ്രകാരം ഓരോ ദിവസത്തെയും ഉൽപാദന ക്രമീകരണത്തെ സംബന്ധിച്ച 96 ബ്ലോക്കിലെ ഷെഡ്യൂൾ തലേന്ന് തന്നെ SLDC യ്ക്ക് സമർപ്പിക്കേണ്ടതും ഇൻഡ്യൻ ഇലക്ട്രിസിറ്റി ഗ്രിഡ് കോഡിൽ പറഞ്ഞിരിക്കുന്ന വ്യതിയാന പരിധിക്കുള്ളിൽ നിന്നു കൊണ്ട് വൈദ്യുതി ഉൽപാദനം ഉറപ്പാക്കേണ്ടതുമാണ്. ഇതിൽ ഏറ്റവും പ്രധാനം അവരുടെ വൈദ്യുതി ഉൽപാദനവും ഉപഭോക്താവ് എന്ന നിലയ്ക്കുള്ള അവരുടെ ഉപഭോഗവും തമ്മിൽ തട്ടിക്കിഴിക്കുന്ന പരിപാടി ഇല്ല എന്നത് തന്നെ! അതായത് വൈദ്യുതി ഉൽപാദിപ്പിച്ച് ഗ്രിഡിൽ തരുന്നതിന് കരാർ പ്രകാരമുള്ള നിരക്കും ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപഭോഗത്തിന് KSERC നിശ്ചയിച്ചിരിക്കുന്ന താരീഫ് പ്രകാരമുള്ള നിരക്കും.

എന്നാൽ ചെറുകിട സംരംഭകരെയും പുരപ്പുറ സോളാർ സംരംഭകരെയും പ്രോൽത്സാഹിപ്പിച്ച് ഹരിത വൈദ്യുതിയുടെ ഉൽപാദനം കൂട്ടാൻ ഉദ്ദേശിച്ചിട്ടുള്ള പ്രത്യേക പരിഗണനകൾ CIAL ഉൾപെടെയുള്ള വൻകിട സംരംഭകർക്ക് ത്വത്വദീക്ഷയില്ലാതെ അനുവദിച്ച് അതിന്റെ സാമ്പത്തിക ബാദ്ധ്യത കേരളത്തിലെ സാധാരണ ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാൻ സർക്കാരും KSERC യും KSEB യും കൂട്ടു നിൽക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. ഇതിൻപ്രകാരം രാവിലെ 6 മുതൽ വൈകിട്ട് 6 വരെ ഗ്രിഡിലേയ്ക്ക്

കൊടുക്കുന്ന വിലകുറഞ്ഞ വൈദ്യുതിയുടെ അതേ അളവിൽ വിലകൂടിയ വൈദ്യുതിയുടെ സമയമായ പീക്ക് സമയത്തും രാത്രിയിലും ഉപയോഗിക്കാൻ അനുവദിച്ച് KSEBL ന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുവാനും ആ ബാദ്ധ്യത സാധാരണക്കാരായ വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുത ചാർജ്ജിൽ ഉൾപെടുത്തി ARR (Average Revenue Requirement) കണക്ക് ശരിയാക്കാനും ഇവരൊക്കെ കൂട്ടുനിൽക്കുന്നു എന്നതാണ് യാഥാർഥ്യം.

KSERC ഹരിത വൈദ്യുതിയെ സംബന്ധിച്ച ചട്ടങ്ങൾ കൃത്യസമയത്ത് ഉണ്ടാക്കുന്നതിൽ കാണിച്ച ഉപേക്ഷയാണ് ഇവിടെ മുതലെടുക്കപ്പെട്ടത്. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ CERC യുടെ ചട്ടങ്ങൾ ബാധകമാക്കി തീരുമാനങ്ങളെടുക്കുക എന്നതാണ് രാജ്യത്ത് അനുവർത്തിച്ചു വരുന്ന കീഴ്‌വഴക്കം. എന്നാൽ അതിന് തുനിയാതെ തൽപര കക്ഷികൾക്കായി നിയമപ്പഴുതുകൾ ഉണ്ടാക്കാൻ KSERC യും KSEB യും നിസ്സംഗത പാലിച്ചു എന്നതാണ് യാഥാർഥ്യം.

(ഒരു ദിവസത്തെ വിവിധ സമയങ്ങളിലെ വൈദ്യുതിയുടെ വിലയെ സംബന്ധിച്ചുള്ള പവർ എക്സ്ചേഞ്ചിന്റെ ഗ്രാഫും ഒരു സാധാരണ ദിവസത്തന്റെ വിവിധ സമയങ്ങളിൽ കേരളത്തിന്റെ വൈദ്യുത ആവശ്യകത കാണിക്കുന്ന Demand Curve ഉം ഒരു സാധാരണ ദിവസത്തിൽ സോളാർ വൈദ്യുതി ഉൽപാദനത്തിന്റെ സ്വഭാവം കാണിക്കുന്ന ഉൽപാദന ഗ്രാഫും ചേർന്ന ചിത്രം താഴെ കൊടുത്തിരിക്കുന്നത് പരിശോധിച്ചാൽ കാര്യങ്ങൾ കൂടുതൽ വ്യക്തമാകും.)

കേരളത്തിലെ സാഹചര്യങ്ങളും ഉപഭോക്തൃ സന്തുലിതാവസ്ഥയും.

കേരളത്തിലെ ആകെയുള്ള 1.31 കോടിയി വൈദ്യുതി ഉപഭോക്താക്കളിൽ ഒരു കോടിയ ലധികം ഉപഭോക്താക്കൾ ഗാർഹിക ഉപഭോക്താക്കളും അവരിൽ തന്നെ 90 ലക്ഷത്തിൽ അധികം പേർ 200 യൂണിറ്റിൽ താഴെ മാത്രം വൈദ്യുതി ഉപയോഗിക്കു ന്നവരും ആണ്. 2022-23 ലെ ARR പെറ്റീഷൻ പ്രകാരമുള്ള വൈദ്യുതിയുടെ ശരാശരി വിലയുമായി



Fig-2: Comparison of Market Price witht ypical demand curve & solar generation Pattern

പകൽ സമയങ്ങളിൽ സോളാർ വൈദ്യുതി ലഭ്യത ഉള്ളപ്പോൾ കേരളത്തിൽ വൈദ്യുതിയുടെ ആവശ്യകതയും വിലയും കുറവും എന്നാൽ വൈകിട്ട് ആറു മണിക്ക് ശേഷം വൈദ്യുതിയുടെ ആവശ്യകത വർദ്ധിക്കുന്നതും അതോടൊപ്പം വില കുത്തനെ കൂടുന്നതും ഗ്രാഫിൽ കാണാവുന്നതാണ്

താരതമ്യം ചെയ്താൽ ഏറ്റവും കുറഞ്ഞത് 2.50 രൂപയെങ്കിലും വൈദ്യുത ക്രോസ്സ് സബ്സിഡിയിൽ നിലനിന്നു പോകുന്ന ഈ വിഭാഗത്തിന്റെ വൈദ്യുത ചാർജ്ജ് കൂട്ടുക മാത്രമാണ് ഹരിത വൈദ്യുതിയുടെ പേരിൽ കുറഞ്ഞ വിലയുടെ വൈദ്യുതി ശൃംഖലയിൽ കയറ്റുമതി ചെയ്ത് ഉയർന്ന വിലയുടെ വൈദ്യുതി എടുക്കാൻ സോളാർ കാറ്റാടി ഉൽപ്പാദകരെ അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾ വൈദ്യുത ചാർജ്ജിലൂടെ നികത്തുന്നതിനുള്ള ഏക മാർഗ്ഗം. മറ്റു താരീഫ് വിഭാഗങ്ങളുടെ താരീഫ് നിരക്ക് ഇപ്പോൾ തന്നെ വളരെ ഉയർന്നതാകയാൽ വീണ്ടുമൊരു താരീഫ് വർദ്ധന പ്രായോഗികമായി നടപ്പിലാക്കാനാവില്ല എന്നതാണ് ശരിയായ വസ്തുത!

ചുരുക്കം പറഞ്ഞാൽ താരതമ്യേന സാമ്പത്തിക ശേഷിയുള്ള സോളാർ കാറ്റാടി പ്രൊസ്യൂമർക്കുവേണ്ടി ക്രോസ് സബ്സിഡി കൊണ്ട് നിലനിന്നു പോരുന്ന സാധാരണ ഗാർഹിക ഉപഭോക്താവ് അധിക ബാധ്യത ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യം എങ്ങനെയാണ് ആശാസ്യമാകുന്നത്? അത് അനുവദിക്കുന്നത് തികച്ചും അനീതിയും സാമൂഹിക നീതിയുടെ ലംഘനവും ആണ് എന്നത് പറയാതിരിക്കാൻ ആവില്ല.

വൈദ്യുത ഉപഭോക്താവിന്റെ അവകാശങ്ങൾ: നെറ്റ്മീറ്ററിംഗ്, നെറ്റ്ബില്ലിംഗ് & ഗ്രോസ്സ്മീറ്ററിംഗ് .

കാര്യങ്ങൾ ഇങ്ങനെ ആയിരിക്കെ 2020 ൽ കേന്ദ്രസർക്കാർ Electricity (Rights of the Consumer) rule, 2020 പുറപ്പെടുവിക്കുകയും അതിൻപ്രകാരം ഒരു പ്രൊസ്യൂമർക്ക് പരമാവധി 10kW വരെയുള്ള Roof top Solar PV systemത്തിന് നെറ്റ്മീറ്ററിംഗ് അനുവദിക്കുകയും അതിന് മുകളിൽ ഗ്രോസ്സ് മീറ്ററിംഗ് ചെയ്യുകയുമാണ് വേണ്ടത് എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഇതിൽ നെറ്റ്മീറ്ററിംഗ് എന്നത് പ്രൊസ്യൂമർ സോളാർ പ്ലാൻറിൽ നിന്നും ഗ്രിഡിലേക്ക് കൊടുത്ത വൈദ്യുതിയും ഗ്രിഡിൽ നിന്ന് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാൻ എടുത്ത വൈദ്യുതിയും ബില്ലിംഗ് സമയത്ത് (സാധാരണ മാസത്തിൽ ഒരു തവണ) തട്ടിക്കിഴിച്ച് അധികം ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം താരീഫ് ഉത്തരവു പ്രകാരം ബില്ലു ചെയ്യുന്ന വ്യവസ്ഥയാണ്.

ഇതിൽ നെറ്റ്ബില്ലിംഗ് എന്നത് പ്രൊസ്യൂമർ സോളാർ പ്ലാൻറിൽ നിന്നും ഗ്രിഡിലേക്ക് കൊടുത്ത വൈദ്യുതിയുടെയും ഗ്രിഡിൽ നിന്ന് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാൻ എടുത്ത വൈദ്യുതിയുടെയും കണക്കുകൾ പ്രത്യേകം പ്രത്യേകം എടുത്ത് ഗ്രിഡിലേയ്ക്ക് കൊടുത്ത വൈദ്യുതിയുടെ വില നിലവിലെ ചട്ടങ്ങൾ അനുസരിച്ച് മുൻ നിശ്ചയിച്ച കരാർ പ്രകാരമുള്ള (Feed -In Tariff പ്രകാരം) വില നിശ്ചയിക്കുകയും ഗ്രിഡിൽ നിന്നും സ്വന്തം ഉപയോഗത്തിന് എടുത്ത വൈദ്യുതിയ്ക്ക് നിലവിലെ താരിഫ് ഉത്തരവ് പ്രകാരവും ബില്ലു ചെയ്യുന്ന വ്യവസ്ഥയാണ്.



Fig-3: Metering arrangement for Net metering or Net billing

ഗ്രോസ്സ് മീറ്ററിംഗ് എന്നത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി നേരിട്ട് ഗ്രിഡിൽ കൊടുത്ത് അതിന് നിലവിലെ ചട്ടങ്ങൾ അനുസരിച്ച് മുൻ നിശ്ചയിച്ച കരാർ പ്രകാരമുള്ള വില (Feed-In Tariff പ്രകാരം) വാങ്ങുകയും ഗ്രിഡിൽ നിന്നും സ്വന്തം ഉപയോഗത്തിന് എടുക്കുന്ന വൈദ്യുതിക്ക് താരിഫ് ഉത്തരവുപ്രകാരം നിശ്ചയിച്ച വില കൊടുക്കുന്നതുമായ വ്യവസ്ഥയാണ്.

Electricity (Rights of the Consumer) Amendment Rule, 2021 പ്രകാരം ഒരു പ്രൊസ്യൂമറിന് നെറ്റ്മീറ്ററിംഗ് അനുവദിക്കുന്ന പരിധി 500 kW വരെയോ അനുവദിച്ച ലോഡ് വരെയോ (ഏതാണോ കുറവ് അതുവരെ) അനുവദിക്കാൻ ബന്ധപ്പെട്ട നിയമം സംസ്ഥാന റഗുലേറ്ററി കമ്മീഷന് അധികാരം നൽകിയിട്ടുണ്ട്. അതിനു മുകളിൽ ഗ്രോസ്സ് മീറ്ററിംഗും നെറ്റ് ബില്ലിംഗും ആണ് നിയമം ശിപാർശ ചെയ്യുന്നത്.

എന്നാൽ KSEBL എന്ന വിതരണ യൂട്ടിലിറ്റിയോ കേരള റഗുലേറ്ററി കമ്മീഷനോ കേന്ദ്ര സർക്കാർ ശ്യംഖലയുടെയുടെ സാങ്കേതികവും സാമ്പത്തികവുമായസുരക്ഷയുടെ അടിസ്ഥാനത്തിൽ വേണ്ട വീക്ഷണത്തോടെ സമയബന്ധിതമായി പുറപ്പെടുവിക്കുന്ന ഇത്തരം നിയമങ്ങളും ചട്ടങ്ങളും ശിപാർശകളും നയങ്ങളും കണ്ടില്ല എന്നു നടിച്ചും അവയെ നോക്കുകുത്തിയാക്കിയും സ്ഥാർഥലക്ഷ്യക്കാരോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്നതാണ് ഇവിടെ കാണുന്നത് എന്നു പറയാതിരിക്കാനാവില്ല.

കേരളത്തിലെ നിലവിലുള്ള സാഹചര്യത്തിൽ ഇപ്പോൾ നടപ്പാക്കിയിട്ടുള്ള നെറ്റ്മീറ്ററിംഗ് സംവിധാനം 5kW ന് മുകളിലുള്ള ഒരു സോളാർ ഉൽപാദകന് അനുവദിക്കുന്നത് അനീതിയും "reverse subsidy" സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതുമാണ് എന്നതാണ് ശരിയായ വസ്തുത.



Fig-4: Gross metering arrangement

അതോടൊപ്പം CIALപോലെ അനർഹരായവർക്ക് കൃത്യമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പിൻബലമില്ലാതെ കൊടുത്ത ആനുകൂല്യങ്ങൾ തിരിച്ചു പിടിച്ച് KSEBLന് നാളിതുവരെ ഉണ്ടായ വരുമാന നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അങ്ങനെ യുള്ള നടപടികൾ സമയനിഷ്ഠമായി ചെയ്യാതിരിക്കുന്നത് ജനവഞ്ചനയും നീതി നിഷേധവും അഴിമതിയും ആണ് എന്നു പറയാതെ വയ്യ! ❋

Letters to the Editor

കത്തുകൾ അയക്കേണ്ട വിലാസം

The Chief Editor
Hydel Bullet
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

SUCCESS RE-DEFINED

Er Thomas Kolanjikombil
Maramon.

"Sheelam param bhooshanam" is the moto of IAS academy Mussorie. Our integrity; honesty, character, trust, commitment, strength, goodwill, hard work, etc, counts when we measure success.

Success is our inbuilt desire. The mentality of competing starts from childhood and it is our driving force leading to success. When we were kids, falling a mango by hitting with a stone made us successful and happy. At school having a cycle made us hero. Then we jumped to motor cycle, car,etc. Our priorities changed, targets for achievements changed. So success is a sense that is temporary and instantaneous. The point we succeed in one goal, we automatically set for another. "Nothing succeeds like success" quote by Alexander Dumas. The taste of success is an addiction. It gives us more confidence and energy in carrying out activities and tasks efficiently and effectively. It is important to acknowledge success, celebrate and appreciate success. Success is something; the more you get, the more you want, the more you work harder.

Success is a multifaceted personal concept. It depends on our personality, our antecedents,etc. A boy who get 35% marks in the exam celebrate, while another who got 98% is crying in disgust envying who scored 99%. There is nothing called absolute success. Success is always relative. Measure of success is relative of our expectations and achievements. The standards, each one uses to measure success is also relative. Success is not a permanent feeling. A success achieved one year back may not bring cheers to us today. But failure which may be decades old may still fresh in our mind.

Failure is a word most people dread. Everyone wants to be a success. We want to be liked and admired. Success has no value if we have not tasted failure. If success comes after painful hard work, it is more sweet. Its a fact that we may fail many times before we are successful. Winners always find a way to overcome obstacles. Failure is not the opposite of success, it is part of success. Thomas Edison said "Many of life failures are people who didn't realise how close they were to success when they give up". When Edison failed many times, trying to make electric bulb, he said "I have not failed, I found just ten thousand ways that won't work".

Success is a continuous process. It is a journey not a goal. If you focus on the journey circumstances will become the product of you. In this way you are more likely to achieve the goal without loosing basic aspects of life. This is what true success is. But if you focus only on the result you will definitely loose all basic

aspects of life. We see many working abroad, toiling alone there leaving their families behind. They miss many family moments at home. In old age their conscience prick them as they feel becoming a product of circumstances.

The dictionary meaning of success is the state of having accomplished our dream goal. The feeling of deligt and elation we get in that moment. The common belief is that achievement of wealth, prosperity, position, fame, etc, is success. True success in life cannot be measured by these tangibles. They are mere indicators that the society had thrust on us. These can be goals in different aspects of life but do not indicte success. We may be successful in our profession or business but if our family relationships are cold, are we really successful. Success is something that we have to define ourselves. Success is living a happy life worthy to everyone. Accomplishments are often associated with success but both are not the same. Accomplishments are results we get when we attempt to reach a goal. Earl Nightigale define success as the progressive realisation of a woking goal or ideal. Arun Purang, author of "Corporate seer" says "Average people measure their success by counting the money. Passionate people measure success by counting the difference they made. Enlightened one count their success by the amount of light they could spread".

In the book, Ecclesiastes, ancient Judea philosopher, King Solomon said "I realised the reason for people to work hard and trying to succeed; they are jealous of each other, they envied their neighbours."

The myth about success is that the gratification we get on accomplishment of our dream, or when we stand on the podium wanes over time. With every new bar we clear, we inevitably raise it again. So success is a myth that everyone in this modern world is trying to achieve and fail. Theoretically once we are successful there is nothing to look forward in life.

Does a dozen success increase our tranquility? A thousand admirers won't bring us peace. Carving for an outcome in the future will drag us from the peace of the present moment. Peace and contentment can be found through the awareness and "letting go", living meaningfuly with less. Winning is not innately good or bad, but the compulsion to win, to compete, to be number one, shall put us in prison. Human live in dual reality. One side consists of the objects of world that we are all part of. Other side is subjective which consists of both individual and collecive beliefs. The way we choose to define success for ourselves will determine in which way experience success.

The secret of success is to give up the idea of success altogether, because it does not exist and should not be chased. Success do not exist because once you achieve it, you are going to look around and ask yourself what else. Instead of aiming towards a goal, do things we love and our passions. This will bring joy, peace and purpose in life. Success is the peace of mind, which is the direct result of self satisfaction in knowing that we did our best to become the best that we are capable of doing.

രാമായണത്തിലെ കഥാനുസാരിയായ വഴിത്തിരിവുകളും ധർമ്മാധർമ്മ ദ്വന്ദ്വങ്ങളും

Er എം. അനിൽ
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)

രാമായണം ആദികാവ്യമാണ്- വാൽമീകി ആദി കവിയും. വാൽമീകി രാമായണത്തിന് മുൻപ് കീർത്തനങ്ങൾ മാത്രമേ ചമയ്ക്കപ്പെട്ടിട്ടുള്ളു. ഏതാണ്ട് 7000 ൽ അധികം കൊല്ലം മുൻപ് ത്രേതായുഗത്തിലാണ് രാമായണ കാവ്യം പിറവിയെടുത്തത്. ഒരു വേടൻ അരുമയായ ഇണക്രൗഞ്ചപക്ഷികളിൽ ഒന്നിനെ അമ്പെയ്ത് വീഴ്ത്തിയതിന് ദൃക്സാക്ഷിയായ വാൽമീകി മഹർഷി, ക്രൗഞ്ചപക്ഷിയുടെ, ഇണയുടെ വേർപാട് സഹിയ്ക്കാൻ വയ്യാതെ മറ്റേ പക്ഷിയുടെ കലശലായ വേദനയോടെയുള്ള കരച്ചിൽ ശ്രദ്ധിച്ചിട്ട്, അദ്ദേഹത്തിന് പോലും അപരിചിതമായ ശൈലിയിൽ, ആ ആർത്ത സങ്കടത്തിന്റെ പ്രത്യുൽപ്പന്നമായി ഒരു ശ്ലോകം പുറത്തേക്ക് വരികയാണ് ആദ്യകാവ്യ ഉൽപ്പത്തിയ്ക്ക് നിദാനമായ സംഭവം. അത്യുഗ്രമായ ശോകം ശ്ലോകമായി പരിണമിയ്ക്കുകയും ബ്രഹ്മകല്പനയാൽ വാല്മീകി മഹർഷി, ആ ശ്ലോകത്തിന്റെ അതേ വൃത്തനിബിഡതയിൽ രാമായണ കഥ ചമയ്ക്കുകയുമാണുണ്ടായത്. ബ്രഹ്മാനുഗ്രഹത്താൽ കഥാതന്തുവും, വാചാലമായ കഥയും വാല്മീകി മഹർഷിയിൽ അചിരേണ ചുരുളഴിയുകയും അതിനനുസൃതമായ രചന സംഭവിയ്ക്കുകയും ചെയ്തു. സാധാരണ കാവ്യങ്ങളിൽ നിന്ന് വ്യതിരിക്തമായി രാമായണ കർത്താവായ വാല്മീകി മഹർഷി രാമായണ കഥയിലെ ഒരുകഥാപാത്രം കൂടിയാണ്.

വാല്മീകി രാമായണം മൊത്തം 24000 ശ്ലോകങ്ങൾ ആണ്. അവ ഏഴ് കാണ്ഡങ്ങളും 500 സർഗ്ഗങ്ങളുമായി ബൃഹത്തായ ഒരു കാവ്യമായി നിലകൊള്ളുന്നു. ദ്വാപരയുഗത്തിൽ രാമായണം മൂലത്തിന് അദ്ധ്യാത്മരാമായണം എന്ന ശീർഷകത്തിൽ; വേദവ്യാസൻ ശ്രീമഹാഭാരതം ചമച്ചപ്പോൾ, അതിന്റെ വനപർവ്വത്തിൽ മാർക്കണ്ഡേയ മുനി യുധിഷ്ഠിരന്റെ വനവാസകാലത്ത് കേൾപ്പിയ്ക്കാനായി ഒരു പുനരാഖ്യാനം നടത്തുകയുണ്ടായി. ഈ അദ്ധ്യാത്മ രാമായണത്തിന് 7 കാണ്ഡങ്ങളും, 64 സർഗ്ഗങ്ങളും, 4200 ൽ പരം ശ്ലോകങ്ങളും ആണ് ഉള്ളത്. വാല്മീകി വിരചിതമായ രാമായണം മൂല്യത്തെ ആറിൽ ഒന്നായി ചുരുക്കിയാണ് വ്യാസ മഹർഷി തന്റെ അദ്ധ്യാത്മ രാമായണം രചിച്ചത്. പിൽക്കാലത്ത് എ.ഡി. 14-ാം നൂറ്റാണ്ടിൽ മലയാളഭാഷാപിതാവായും പ്രാചീന കവിത്രയങ്ങളിൽ ഒരാളായും സ്ഥാനം അലങ്കരിച്ച തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എഴുതുകയുണ്ടായി. അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് എഴുതാൻ മാർഗ്ഗരേഖയായി എഴുത്തച്ഛൻ സ്വീകരിച്ചത് വ്യാസവിരചിതമായ അദ്ധ്യാത്മ രാമായണത്തെയാണെങ്കിലും വാല്മീകി രാമായണത്തിൽ നിന്നും ചില സന്ദർഭങ്ങളും തന്റെ ഭാവനാ വിലാസത്തിൽ ഉദിച്ച കാര്യങ്ങളും ഇതിൽ എഴുതി ചേർത്തിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ ഉത്തമഭക്തിയും ശ്രീരാമനോടുള്ള ആദരവും എല്ലാം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന് മുൻപ് ഉണ്ടായ പല രാമായണങ്ങളുടെയും സങ്കലന രീതി തുടരാതെ ഒരു സ്വതന്ത്ര കൃതിയായി തന്നെ നിരൂപകലോകം അംഗീകരിച്ചിട്ടുണ്ട്. മര്യാദാപുരുഷോത്തമനും ധർമ്മ നിഷ്ഠനുമായ ശ്രീരാമനെ ഈശ്വര പരിവേഷം നൽകിയാണ് എഴുത്തച്ഛൻ

അദ്ദേഹത്തിന്റെ കിളിപ്പാട്ടിൽ അവതരിപ്പിച്ചിരിക്കുന്നത്. മറിച്ച് രാമായണംമൂലത്തിൽ അങ്ങനെയല്ല-ഉത്തമനായ, ധർമ്മിഷ്ഠനായ, സകലഗുണ സമ്പന്നനായ പുത്രനായും, ഭർത്താവായും,സഹോദരനായും, രാജാവായും, ഉന്നത സാമൂഹിക ജീവിത മൂല്യങ്ങളുടെ വിളനിലമായും ശ്രീരാമൻ വിലസുന്നു. രാമായണം ധർമ്മത്തിൽ അധിഷ്ഠിതമാണ്. വനവാസത്തിന് പുറപ്പെടും മുൻപ് ശ്രീരാമൻ ആവശ്യപ്പെടാതെ തന്നെ സീതാദേവി ഒരു പ്രതിജ്ഞ എടുക്കുന്നുണ്ട്. അതെന്തെന്നാൽ, വനവാസ കാലമായ 14 വർഷങ്ങൾ തീരുവോളം തന്റെ ഒരു ഇംഗിതവും രാമന്റെ മുൻപാകെ അവതരിപ്പിച്ച് ശല്യപ്പെടുത്തുകയില്ല എന്ന്. പക്ഷേ, ഏകദേശം 13 വർഷങ്ങളും ഒരു മാസവും കഴിഞ്ഞപ്പോൾ പഞ്ചവടിയിൽ രാവണശാസന മാനിച്ച് സ്വർണ്ണവർണ്ണമുള്ള പുള്ളിമാനായി വേഷ പ്രച്ഛന്നനായി മാരീചൻ എത്തിയപ്പോൾ സീതയ്ക്ക് അതിനൊപ്പം കളിയ്ക്കണമെന്ന ആഗ്രഹം കലശലാകുകയും, തൻനിമിത്തം തന്റെ ഉഗ്രപ്രതിജ്ഞയെ പറ്റിയുള്ള പ്രജ്ഞ വിട്ടുപോകുകയും എങ്ങനെയും അതിനെ കരസ്ഥമാക്കണമെന്നും അങ്ങനെ കിട്ടിയാൽ ഇണക്കമുള്ള ആ മാനോടൊപ്പം അടവിയിൽ ഇനിയുള്ള പതിനൊന്ന് മാസങ്ങളും, തുടർന്ന് അയോദ്ധ്യയിൽ എത്തിയ ശേഷവും ഓടിക്കളിച്ചുല്ലസിക്കാമെന്ന വ്യാമോഹം പ്രതിജ്ഞാബദ്ധതയിൽ നിന്ന് വ്യതിചലിയ്ക്കാൻ സീതയെ പ്രേരിപ്പിച്ചിട്ടുണ്ടാകാം. ആ ഒരു പ്രേരണയുടെ ദുരന്തഫലമാണ് സീതാദേവി പിന്നീടുള്ള പതിനൊന്ന് മാസക്കാലവും തന്റെ ഭർത്താവിനെയും ലക്ഷ്മണനേയും പിരിഞ്ഞ് രാവണന്റെ അശോകവനികയിൽ ദുഃഖാർത്തയായി കഷ്ടതകൾ അനുഭവിയ്ക്കേണ്ടി വന്നതിന്റെ മൂലഹേതു.

ധർമ്മാധർമ്മ ദ്വന്ദ്വങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ, രാമായണത്തിലെ ശൂർപ്പണഖയെപറ്റി ഓർക്കുക. ഒരു സ്ത്രീ ഒരു പുരുഷനെ കാമിക്കുന്നതിൽ ഒരു അധാർമ്മികതയുമില്ല. പക്ഷേ ശ്രീരാമൻ തന്റെ കാമനയെ സ്വീകരിയ്ക്കാത്തത് സീതയുടെ സാമീപ്യത്തിലാണെന്ന് ധരിച്ച്, ശൂർപ്പണഖ സീതയെ വധിയ്ക്കാനായി തന്റെ സ്വരൂപത്തിലേയ്ക്ക് ആവിർഭാവം ചെയ്ത് ദംഷ്ട്രകളും നഖങ്ങളും പുറത്തേക്ക് എടുത്ത് സീതയെ കൊല്ലാനായി ചെന്നപ്പോഴാണ്, ലക്ഷ്മണൻ ശൂർപ്പണഖയുടെ അംഗവിച്ഛേദം ചെയ്തത് (മൂക്കും, കാതും മുറിച്ച് കളഞ്ഞത്). നാസിക ഛേദിച്ച് കളഞ്ഞതിനാൽ, ഈ സംഭവം നടന്ന സ്ഥലനാമധേയം നാസിക്കായി. ധർമ്മം നോക്കുമ്പോൾ സ്ത്രീകളെ വധിക്കുന്നത് തെറ്റാണ്; എന്നാൽ അംഗവിച്ഛേദം നടത്തിയാൽ വധിക്കുന്നതിന് തുല്യവും. അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിൽ ശൂർപ്പണഖയുടെ മൂക്കും, മുലയും, കാതും ഛേദിച്ചു എന്നത് മഹാകവിയുടെ ഭാവനയാണ്. ഒരു സ്ത്രീയും അവരുടെ മുല ഛേദിയ്ക്കപ്പെട്ടാൽ ജീവിച്ചിരിക്കില്ല, രക്തം വാർന്ന് മരിച്ച് പോകും.

അതേപോലെ, ഗൗതമപത്നിയായ അഹല്യ ലോകൈക സുന്ദരിയാണ്. അവരെ കാമിച്ച പല പുരുഷന്മാരും ഉണ്ടായിരുന്നുവെങ്കിലും അവർ ഗൗതമ മഹർഷിയുടെ ധർമ്മപത്നിയാകുകയായിരുന്നു. സാക്ഷാൽ ദേവേന്ദ്രൻ തന്നെ നേരിട്ട് തന്നെ പ്രാപിയ്ക്കാൻ എത്തിയപ്പോൾ അഹല്യ അതിൽ അഹങ്കരിക്കുകയും തന്റെ ഭർത്താവ് സ്നാനത്തിന് പോയ സമയത്ത് അവർ ദേവേന്ദ്രനെ അറിഞ്ഞുകൊണ്ട് സ്വീകരിയ്ക്കുകയും ചെയ്തു. അല്ലാതെ കിളിപ്പാട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ദേവേന്ദ്രൻ ഗൗതമ മഹർഷിയുടെ രൂപം പൂണ്ട് വന്ന് അഹല്യയെ പ്രാപിക്കുകയല്ല ഉണ്ടായത്. അങ്ങനെയെങ്കിൽ, അഹല്യ കുറ്റക്കാരിയാകുകയില്ലായിരുന്നു. സന്ധ്യാവന്ദനം കഴിച്ച് ഗൗതമൻ എത്തും മുൻപ് ആശ്രമം വിട്ടുപോകാൻ ദേവേന്ദ്രനോട് അഹല്യ ആവശ്യപ്പെട്ടുവെങ്കിലും ദേവേന്ദ്രന് അതിന് കഴിഞ്ഞില്ല. ദേവേന്ദ്രനെ ആശ്രമ പരിസരത്ത് കണ്ട ഗൗതമ മഹർഷി, കാര്യങ്ങൾ മനസ്സിലാക്കി ഇരുവരെയും ശപിച്ചു. ഉഗ്രശാപത്താൽ ദേവേന്ദ്രന്റെ

സുഭാഷിതം

മാറ്റം

Er കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

മാറ്റം... മാറ്റം.... മാറ്റം.... എല്ലാ മേഖലകളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മാറ്റത്തിന്റെ വേഗത മനസ്സിന്റെ വേഗതക്കും അപ്പുറത്താണ്.

സ്മാർട്ട് ഫോണിന്റെ വരവോടെ പണി നഷ്ടപ്പെട്ട ഒരു പറ്റം സേവകർ നമ്മുടെ സ്റ്റോറുകളിൽ പൊടിപിടിച്ച് കിടപ്പുണ്ട്. റേഡിയോ, ക്ലോക്ക്, ടോർച്ച്, ലാൻഡ് ഫോൺ, ക്യാമറ, കാൽക്കുലേറ്റർ എന്നിവ അതിൽ ചിലത് മാത്രം. കമ്പ്യൂട്ടറും ടിവിയും സ്റ്റോറിലേക്ക് നീങ്ങി തുടങ്ങി. കുട്ടികൾക്കുള്ള കളിക്കോപ്പും ഇവർ തന്നെ.

സ്മാർട്ട് ഫോൺ ഒന്ന് കയ്യിലുണ്ടെങ്കിൽ വീട്ടിൽ തന്നെ ഇരുന്നാൽ മതി. ട്രെയിനിന്റേയോ, ഫ്ളൈറ്റിന്റെയോ ടിക്കറ്റ് ബുക്ക് ചെയ്യാം, പണം കൈമാറാം, സർക്കാരിലടയ്ക്കേണ്ടുന്ന ഏത് ബില്ലും അടയ്ക്കാം. മനുഷ്യനെ എല്ലാ നിലയിലും സേവിച്ച് അവനെ വീട്ടിൽ തന്നെ ഇരുത്തി ഒരു പരുവത്തിലാക്കി. ഓഫീസിൽ ജോലിയിലുള്ളവർ അതും വീട്ടിലിരുന്ന് ഇവനെകൊണ്ട് ചെയ്യിക്കാൻ പറ്റിയിരുന്നെങ്കിൽ എന്ന് ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. സംശയിക്കേണ്ട അടുത്ത നാളുകളിൽ ആ സ്വപ്നവും സാധിക്കില്ലെന്ന് ആരു കണ്ടു....!

ശാസ്ത്രപുരോഗതിയാൽ കൈവരിച്ച ഈ നേട്ടങ്ങൾ നല്ലതിനു തന്നെ. വ്യക്തി ജീവിതം സുഗമമാക്കാനും മെച്ചപ്പെടുത്താനും സാധിക്കും. മാത്രവുമല്ല, ഈ പുരോഗതി സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്താനും സാധിക്കും. എന്നാൽ, വീട്ടിലെ കറിക്കത്തി പച്ചക്കറികൾ അരിയാനും അതുപയോഗിച്ച് എതിരാളിയെ കുത്തിവീഴ്ത്താനും സാധിക്കും എന്നതുപോലെ ഇത്രയും ഉപകാരിയായ സ്മാർട്ട് ഫോണിന്റെ ദോഷഫലങ്ങളും നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിലെ ഭൂരിപക്ഷം പ്രതികളേയും സഹായിച്ചത് ഈ വില്ലനാണെന്ന് അന്വേഷണ ഉദ്യോഗസ്ഥന്മാർ സാക്ഷ്യപ്പെടുത്തുന്നു. അടുത്തകാലത്ത് നടന്ന ഒട്ടുമിക്ക കൊലപാതകങ്ങൾക്കും ആത്മഹത്യകൾക്കും കൂട്ടുനിന്നതും ഇവൻ തന്നെ.

മാറ്റങ്ങൾ നല്ലതായി ഉപയോഗപ്പെടുത്തുക. അല്ലെങ്കിൽ അത് തിരിഞ്ഞുകുത്തുമെന്നറിയുക.

ഒരു കഥയിതാ......

ഒരാൾ തനിച്ച് കാറോടിച്ച് പോവുകയായിരുന്നു. ഓട്ടത്തിനിടയിൽ കണ്ണാടിയിലൂടെ ഒരു കാഴ്ച കണ്ടു. ഒരു കോഴി കാറിന് പുറകെ ഓടി വരുന്നു. അയാൾക്ക് രസം തോന്നി. കാറിന്റെ വേഗതകൂട്ടി. അറുപത്... എഴുപത്.... വേഗത കൂട്ടിക്കൂട്ടിക്കൊണ്ടിരുന്നു...

വൃഷണങ്ങൾ കരിഞ്ഞുവീണു. തുടർന്ന് ദേവലോകം പൂകിയ ദേവേന്ദ്രൻ കഥകൾ ചമയ്ക്കുകയും തന്റെ പദവിയ്ക്കായി ഗൗതമ മഹർഷി തപഃശക്തി ആർജ്ജിച്ചപ്പോൾ അതിനെ അസംഭവ്യമാക്കാനായി അദ്ദേഹത്തിന്റെ തപഃശക്തി കുറയ്ക്കാനായി ശാപവചസ്സുകൾ ഏറ്റുവാങ്ങിയതാണെന്ന് മറ്റുള്ളവരെ ധരിപ്പിച്ച്; ആദിദേവന്മാരെ കൊണ്ട് ആ മുട്ടനാടിന്റെ വൃഷണങ്ങൾ മുറിച്ചെടുത്ത് തനിക്ക് തുന്നിച്ചേർപ്പിക്കുകയും, അങ്ങനെ ദേവേന്ദ്രൻ മേഷവൃഷണനാകുകയും ചെയ്തുവത്രേ.

നാടുനന്നാകാൻ - ৪

ശോചനീയമായ റോഡുകൾ

Er ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

ഒരിക്കലും ശാപമോക്ഷം ലഭിക്കാത്തവിധം പരിതാപകരമായ നിലയിലാണ് നമ്മുടെ റോഡുകൾ. ഇതിനെതിരെ ഹൈക്കോടതിയുടെ ശകാരമുണ്ടായത് അടുത്ത കാലത്താണ്. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന ചില ചില്ലറ ചെപ്പടി വിദ്യകൾ അല്ലാതെ ശാശ്വത പരിഹാരം ഉണ്ടാകുന്നില്ല.

റോഡുകളുടെ നിലവാരക്കുറവുമൂലമുള്ള അപടകടങ്ങൾ നാൾക്കുനാൾ വർദ്ധിക്കുന്നു. അതിനു പിന്നിലെ യഥാർത്ഥ ഉത്തരവാദികളെ നിയമത്തിനു മുന്നിലെത്തിക്കാൻ ആർക്കും കഴിയുന്നില്ല.

അയൽ സംസ്ഥാനങ്ങളിലെപ്പോലെ ഉന്നത നിലവാരമുള്ള ഒരു ഹൈവേപോലും നമുക്കില്ല. നമ്മുടെ റോഡുകൾ പലയിടത്തും പൊട്ടിയും പൊളിഞ്ഞും കുണ്ടും കുഴികളുമായി, അപകട ഭീഷണിയുമായി ഗതാഗതയോഗ്യമല്ലാതെ നിലകൊള്ളുന്നു. വാഹനങ്ങൾ നിയന്ത്രണം നഷ്ടപ്പെട്ട് അപകടങ്ങളിൽപ്പെടുന്നതിന്റെ കാരണങ്ങളിലൊന്ന് ഓർക്കാപ്പുറത്ത് പ്രത്യക്ഷപ്പെടുന്ന കുണ്ടും കുഴികളു

എന്നിട്ടും കോഴി പിന്മാറിയില്ല, പുറകിൽ തന്നെ. കൗതുകം തോന്നി അയാൾ വണ്ടി നിർത്തി; കോഴിയെ പരിശോധിച്ചു. കോഴിയുടെ പ്രത്യേകത അയാൾ ശ്രദ്ധിച്ചു; കോഴിക്ക് മൂന്നുകാൽ. അയാൾ കോഴിയെ പിന്തുടർന്ന് ഒരു വീട്ടിലെത്തി. വീട്ടുകാരോട് മുന്നുകാലുള്ള വിചിത്ര കോഴിയെക്കുറിച്ചന്വേഷിച്ചു.

എന്റെ മകൻ ബയോടെക്നോളജിയിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവൻ സൃഷ്ടിച്ചതാണ് ഈ കോഴിയെന്ന് വീട്ടുകാരൻ അറിയിച്ചു.

എന്തിനാണ് മകൻ ഇങ്ങനെയൊരു കോഴിയെ സൃഷ്ടിച്ചത് ?

അതോ ? പറയാം. ഞങ്ങളിവിടെ മൂന്നുപേരാണുള്ളത്. ഞാൻ, ഭാര്യ, മകൻ. മൂന്നുപേർക്കും കോഴിക്കറി വളരെ ഇഷ്ടമാണ്. അതും കോഴിക്കാൽ തന്നെ വേണം. മൂന്ന് കാലിനായി രണ്ട് കോഴികളെ കൊല്ലേണ്ടി വരുന്നു.അതൊഴിവാക്കാൻ മകൻ കണ്ടെത്തിയ വഴിയാണ് മൂന്നുകാലുള്ള കോഴി.

കാലം പോയ പോക്കെ....! മൂന്നുകാലുള്ള കോഴി.....! ഇനി നാലാളുള്ള വീട്ടിൽ നാലു കാലുള്ള കോഴിയെ സൃഷ്ടിക്കാം. അല്ലെ... ! നാടിന്റെ ഒരു പുരോഗതി.... ! ആട്ടെ, എങ്ങിനെയുണ്ട് മൂന്ന് കാലുള്ള കോഴിയുടെ രുചി ?

ഹും... അതിന്റെ രുചിയോ ? അതിനെയൊന്ന് തൊടാൻ പറ്റിയിട്ടുവേണ്ടേ പിടിക്കാൻ, പിടിക്കാൻ കിട്ടിയിട്ടു വേണ്ടെ കറിവെക്കാൻ...! ചിലപ്പോൾ അതിന്റെ അടുത്തൊന്നെത്താൻ സാധിച്ചെന്നു വരും. അങ്ങിനെ അടുത്തെത്തിയപ്പോൾ പറ്റിയ പരുക്കുകളാണ് ഈ കാലിലും കൈകളിലും കാണുന്നത്. ജീവൻ കിട്ടിയത് തന്നെ ഭാഗ്യം.....!

കഥയിലെ ഗുണപാഠം: മാറ്റങ്ങൾക്ക് പുറകെ ഓടിയാൽ ചിലപ്പോൾ അതിനെ തൊടാൻ പോലും പറ്റിയെന്ന് വരില്ല. അതുകൊണ്ട്, ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളുകയും അത് സമൂഹ നന്മയ്ക്കായി മാത്രം ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഈ തീരുമാനത്തിലാകട്ടെ ഇന്നത്തെ തുടക്കം .

മാണ്. അതിവേഗത്തിലോടുന്ന വാഹനങ്ങൾ, അപ്രതീക്ഷിത പ്രതിബന്ധങ്ങൾ മുന്നിലെത്തുമ്പോൾ അപകടമൊഴിവാക്കാൻ വേണ്ടി വെട്ടിയൊഴിപ്പിക്കുമ്പോഴാണ് നിയന്ത്രണം നഷ്ടപ്പെടാനിയാകുന്നത്. ഇരുചക്രവാഹന യാത്രികരാണ് ഇത്തരം അപകടങ്ങൾക്കിരയാകുന്നവരിലധികവും.

റോഡുകളുടെ ദുരവസ്ഥയുടെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരിൽ മാത്രം ഒതുങ്ങുന്നതല്ല. പണത്തിനോട് ആർത്തിപൂണ്ട വലിയൊരു വിഭാഗം രാഷ്ട്രീയക്കാർക്കിതിൽ വളരെ വലിയ പങ്കുണ്ട്. പൊതുമരാമത്ത് പണിക്കാരിൽനിന്ന് കമ്മിഷൻപറ്റി സമ്പന്നരാകുന്ന പണക്കൊതിയർ. ചാനലുകളിൽ വന്നിരുന്ന് അഴിമതിക്കും ക്രമക്കേടിനുമെതിരെ കുരയ്ക്കുമെന്നല്ലാതെ ആത്മാർത്ഥതയും സത്യസന്ധതയും അയലത്തുപോലുമെത്താത്തവർ.

സൂചികൊണ്ടെടുക്കേണ്ടത് തൂമ്പകൊണ്ടെടുക്കേണ്ടിവരും വരെ കാത്തിരിക്കേണ്ടി വരുന്നത് ഭരണാധികാരികൾ ശക്തരല്ലാത്തതുകൊണ്ടോ അവർക്ക് സമൂഹത്തോട് പ്രതിബദ്ധതയില്ലാത്തതുകൊണ്ടോ ആണ്.

ഓരോ പ്രദേശത്തെയും പൊതുമരാമത്ത് ഓഫീസുകൾക്ക് സ്ഥിരമായ അറ്റകുറ്റപ്പണി സംവിധാനം ഉണ്ടാകണം. റോഡുകളിൽ കുഴികൾ രൂപപ്പെടുന്നത് പട്രോളിംഗിലൂടെ തുടക്കത്തിൽ കണ്ടെത്തി അടയാളപ്പെടുത്തണം. പിന്നാലെ തന്നെ മറ്റു സംവിധാനങ്ങളിലെത്തി കുഴികൾ വലുതാകാനനുവദിക്കാതെ അടയ്ക്കണം. പോടുവന്ന പല്ലുകൾ അടയ്ക്കുന്നതുപോലുള്ള ലളിതമായ നടപടി. നിർമ്മാണ വസ്തുക്കളുടെ ഉപയോഗവും നിർമ്മാണ ചെലവും ഇതുവഴി ഗണ്യമായി കുറയ്ക്കാനാകും.

നിശ്ചിത വീതിയിൽ കൂടുതലായി റോഡ് ശരിയാക്കില്ലെന്ന ദുശ്ശാഠ്യം ഒഴിവാക്കണം. പലയിടത്തും റോഡിന്റെ പാർശ്വങ്ങളിൽ ഉപയോഗയോഗ്യമല്ലാതെ റോഡിന്റെതന്നെ ഭാഗമായ ഭൂമിയുണ്ടാകും. ഇത് ബസ്സ്റ്റോപ്പിനോ, പാർക്കിംഗിനോ പ്രയോജനപ്പെടുത്തിയാൽ പ്രധാന റോഡുകളിലെ ഗതാഗതം സുഗമമാക്കാം. തെരുവുവിളക്കുകകൾ കത്തിച്ചാൽത്തന്നെ രാത്രിയുള്ള അപകട സാദ്ധ്യതകൾ കുറയ്ക്കാനാകും.

റോഡുകളിൽ ചെക്ക് മെഷർമെന്റിനെന്ന വ്യാജേന കുഴികൾ ഉണ്ടാക്കിയശേഷം അവ മൂടുന്നത് പല ഉദ്യോഗസ്ഥർക്കും കുറച്ചിലാണ്. ഇതൊക്കെ കാണുന്ന ജനപ്രതിനിധികൾക്കും ഭരണാധികാരികൾക്കും ഒന്നും പറയാനില്ലായെന്നതാണ് നിർഭാഗ്യകരം. റോഡുകൾ തകരാൻ കാരണം മുഖ്യമായും അഴിമതിയും ക്രമക്കേടുകളുമാണ്. കാലാവസ്ഥയെ പഴിക്കുന്നതിൽ ഒരർത്ഥവുമില്ല. കാലാവസ്ഥയെ അതിജീവിക്കാൻ കരുത്തുള്ള റോഡുകൾ പണിയുകയാണ് വേണ്ടത്.

അടങ്കൽ തുക വലുതായാൽ മാത്രമേ വൻതോക്കുകൾക്ക് ചാകരയാകൂ. അതുകൊണ്ട് റോഡുകളിലെ ചെറുകുഴികൾ ആനകളെ കുളിപ്പിക്കാൻ പാകത്തിലുള്ള വൻകുളങ്ങളാകും വരെ കാത്തിരിക്കേണ്ടി വരുന്നു. കരാറുകാർക്ക് അടിമുതൽ മുടിവരെയുള്ളവരെ തൃപ്തിപ്പെടുത്തേണ്ടി വരുന്നതിനാൽ പണിയിൽ കള്ളത്തരം കാട്ടേണ്ടതായി വരുന്നു. സത്യസന്ധരായ ഉദ്യോഗസ്ഥരെ രാഷ്ട്രീയക്കാർ വഴിയും ഭരണാധികാരികൾ വഴിയും സമ്മർദ്ദ ങ്ങളിലൂടെ വരുതിയിലാക്കുന്നു. വഴങ്ങാത്ത ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക തലങ്ങളിൽ നിന്നും, തെരുവുകളിലും ഭീഷണികളും ദ്രോഹങ്ങളും നേരിടേണ്ടി വരുന്നു. നേരും നെറിയു മുള്ള ഉദ്യോഗസ്ഥരെ ദ്രോഹിക്കാൻ ഏറെപ്പേർ ഉണ്ടാകുമെങ്കിലും സഹായിക്കാൻ ആരും കാണില്ല.

കേബിളുകൾ, ജലവിതരണ പൈപ്പുകൾ തുടങ്ങിയവ സ്ഥാപിക്കാൻ കേടുപാടുകളില്ലാത്ത റോഡുകൾ വെട്ടിപ്പോളിക്കുന്നത് പതിവു കാര്യമാണ്. വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടെങ്കിൽ ഒരു പരിധിവരെ ഇതൊഴിവാക്കാനാകും. റോഡുകളിൽ

ഭാഗ്യം

Er യു.എസ്. രവീന്ദ്രൻ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

ചിലപ്പോൾ നമ്മൾ ഇഷ്ടപ്പെടുന്ന ഒരു കാര്യവും ശരിയാകാതെ പോകാറുണ്ട്. കിട്ടും എന്ന് പ്രതീക്ഷിച്ചു പോയിരുന്ന ഒരു ജോലി കിട്ടാതെ വരുമ്പോൾ, ഒരു വിശേഷാവസരത്തിന് പോകുമ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ ചെളി തെറിക്കുമ്പോൾ, വീട്ടിലെ വളർത്തു പൂച്ച മുറിയെല്ലാം വൃത്തികേടാക്കി ഇടുമ്പോൾ, ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ സ്വാഭാവികമായും ഒരാൾക്ക് തോന്നിയേക്കാം എന്തോ ശുഭകരമല്ലാത്ത അവസ്ഥയിലേക്കാണ് ജീവിതം പൊയ്ക്കൊണ്ടിരിക്കുന്നതെന്ന്. നിങ്ങൾ അന്ധവിശ്വാസിയല്ല, എന്നാൽ ഒരു നിർഭാഗ്യവാനാണെന്ന് തോന്നി തുടങ്ങിയേക്കാം. ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾക്കൊരറുതിയുണ്ടാവുകയില്ലേ എന്ന് തോന്നിയേക്കാം. വൈകിയാണെങ്കിലും ഇത് ചിലർക്ക് ജീവിതത്തിനോടുള്ള കാഴ്ചപ്പാട് മാറ്റിയെടുക്കുവാൻ സാധിച്ചേക്കാം. എല്ലാം വേണ്ടവിധം നടക്കുകയാണെങ്കിൽ അത് ഭാഗ്യമാണെന്ന് നമ്മൾ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ഒരു അവസ്ഥ ഉണ്ടാക്കിയെടുക്കാൻ ജീവിതത്തോടുള്ള കാഴ്ചപ്പാട് മാറ്റേണ്ടതുണ്ട്.

എന്താണ് ഭാഗ്യം? ഭാഗ്യത്തിനെ മൂന്ന് വിധത്തിലാണ് നിർവചിച്ചിരിക്കുന്നതെന്നാണ് അമേരിക്കയിലെ ടെക്സസ്സിലെ മനഃശാസ്ത്ര പ്രൊഫസർ ജാകിലിൻ വൂളിയുടെ അഭിപ്രായം. പലരും ഭാഗ്യത്തിനെ അനുകൂലമായ അവസരം എന്നു പറയുന്നു. ലോട്ടറിയിൽ സമ്മാനം കിട്ടുന്നതിനെ ഭാഗ്യം എന്നു പറയുന്നു. എന്നാൽ അത് ഒരു ക്രമരഹിതമായ (Random event) സംഭവമാണ്. ഭാഗ്യത്തിന്റെ വേറൊരു നിർവ്വചനം അത് ഒരു പ്രകൃത്യാതീതമായ (Supernatural) ശക്തികൊണ്ടുണ്ടാകുന്നതാണെന്നാണ്. ഈ ശക്തി പലരെയും പല സമയത്തും സ്പർശിക്കുന്നത്രേ. അത് നേടിയെടുക്കാൻ ചില ആചാരങ്ങൾ കൊണ്ട് സാധിക്കുമെന്ന് ചിലർ വിശ്വസിക്കുന്നു. മൂന്നാമതായി ഭാഗ്യം ചിലർക്ക് ജന്മനാൽ കിട്ടുന്ന പുണ്യമാണെന്ന് ചിലർ വിശ്വസിക്കുന്നു.

ഇങ്ങനെയെല്ലാം ചിലത് നിലനിൽക്കുന്നുണ്ടോ? "The Luck Factor" എന്ന പുസ്തകത്തിന്റെ രചയിതാവായ റിച്ചാർഡ് വൈസ്മാൻ (UKയിലെ ഹേർട്ട് ഫോർഡ് ഷെയർ യൂണിവേഴ്സിറ്റിയിലെ മനഃശാസ്ത്രജ്ഞൻ) വിശ്വസിക്കുന്നത് ഭാഗ്യം എന്നത് ഇന്ദ്രജാലമോ പ്രകൃത്യാതീതമായ പ്രതിഭാസമോ അല്ല എന്നാണ്. ഇത് ഭാഗ്യക്കുറി നേടാനോ ഉപദ്രവിക്കാനോ കൂട്ടു നിൽക്കുന്നില്ല. നിങ്ങളെ നിർഭാഗ്യവാനോ ഭാഗ്യവാനോ ആക്കുന്നത് നിങ്ങൾ നിങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നതിനെയും, അത് നിങ്ങളിൽ ഉണ്ടാക്കുന്ന ചലനങ്ങളെയും വികാര വിചാരങ്ങളെയും ആശ്രയിച്ചും സ്വയം ആത്മപൂരണ

പണികൾ നടക്കുമ്പോൾത്തന്നെ അവയ്ക്കു കുറുകെ നിശ്ചിത അകലങ്ങളിൽ മണ്ണിനടിയിൽ ആവശ്യാനുസരണമുള്ള കുഴലുകൾ സ്ഥാപിച്ചാൽ ഭാവിയിലെ ആവശ്യങ്ങൾക്ക് റോഡു വെട്ടിപ്പൊളിക്കാതെ തന്നെ ഈ സംവിധാനങ്ങളിലൂടെ കേബിളുകളും, ജലവിതരണ പൈപ്പുകളും റോഡിന്റെ മറുവശത്തെത്തിച്ച് എതിർദിശകളിലേക്ക് നീട്ടി ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകാനാകും.

ഭാവനയും ദീർഘവീക്ഷണവും ഇച്ഛാശക്തിയുള്ള സംശുദ്ധരായവരുടെ കൈയിൽ മാത്രമായി രാഷ്ട്രീയവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും അധികാരവുമൊതുങ്ങിയാൽ മാത്രമേ നാടുനന്നാകൂ.

✵

ത്തിനുവേണ്ടിയുള്ള അർപ്പണ മനോഭാവത്തിനേയും ആശ്രയിച്ചിരിക്കുന്നു എന്നതാണ്. 'ഒരുവിധത്തിൽ പറഞ്ഞാൽ ഭാഗ്യം എന്ന പ്രതിഭാസം നിലനിൽക്കുന്നുണ്ട്. ചരിത്രത്തിന്റെ ഏതു ഏടുകൾ എടുത്തു നോക്കിയാലും അന്ന് ജീവിച്ചിരുന്നവർ ചില വിശ്വാസങ്ങളെയും ആചാരങ്ങളെയും പറ്റി അല്ലെങ്കിൽ അനുകൂലമായ അവസരങ്ങളെ പറ്റി സംസാരിച്ചിരുന്നതായി കാണാം - നാം ഇപ്പോൾ ചെയ്യുന്നതുപോലെ ശാസ്ത്രം ഇത്രയും പുരോഗമിച്ചിട്ടും അത് നമ്മുടെ മനസ്സിന്റെ അഗാധതയിൽ ഒളിഞ്ഞു കിടക്കുന്നു - ജീവിതം അവസരങ്ങളുടെ നിയന്ത്രണത്തിലാണെന്ന ബോധം. അതിനെ നിയന്ത്രിച്ച് സ്വന്തം അധീനതയിൽ ആക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ് 'ജാകിലിൻ വൂളി' സമ്മതിക്കുന്നു.

മനുഷ്യർ അനിശ്ചിതത്വത്തിൽ അസ്വസ്ഥരാണ്. സ്വന്തം ജീവിതം സ്വന്തം നിയന്ത്രണത്തിലല്ലാതാകുമ്പോൾ അവർക്ക് തോന്നുന്നു 'കാര്യങ്ങൾ ക്രമരഹിതം ആണ് (Random) ശരിയായ ദിശയിൽ അല്ല. അതിന്റെ കാരണങ്ങൾ പ്രകൃതി നിയമങ്ങൾക്ക് വിധേയമല്ല എന്ന് കണ്ടെത്തി സമാധാനിക്കുന്നു. ലോകത്തിൽ ചില കാര്യങ്ങൾ നിശ്ചിതമാണ് (Certain). ചില കാര്യങ്ങൾ അനിശ്ചിതമാണ് (Uncertain) ഇതിനിടയിൽ ഒരു സാധ്യതയുണ്ട് (Probabiltiy) ഇതിനെ വേണമെങ്കിൽ ഭാഗ്യം എന്നു വിളിക്കാം.

യഥാർത്ഥ ജീവിതത്തിൽ ഭാഗ്യത്തിന്റെ പങ്ക് എന്താണ്? 2017 ൽ UK യിൽ നടത്തിയ ഒരു പഠനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. Gold Smith Institution ലെ ഒരദ്ധ്യാപകൻ 44 പേരെ ഇന്റർവ്യൂ ചെയ്തു. ഈ 44 പേരും കരാർ വ്യവസ്ഥയിൽ താൽക്കാലികമായി ജോലിയിൽ കയറിയവരാണ്. എല്ലാവരും ഉത്കണ്ഠാകുലരും സുരക്ഷിതത്വ ബോധമില്ലാത്തവരുമായിരുന്നു എന്ന് കണ്ടെത്തി. എന്നാൽ അതിൽ ഒരാൾക്ക് ജോലി സ്ഥിരമായി എന്ന കൽപ്പന കിട്ടിയപ്പോൾ അയാൾ അതൊരു ഭാഗ്യമായി കരുതി. ഇത് തികച്ചും യാദൃശ്ചികമായ സംഭവമല്ലേ. ഒരു കഠിനാധ്വാനത്തിന്റെ ചരിത്രം ഒന്നുമില്ലല്ലോ. ഇത് ഭാഗ്യം തന്നെ എന്ന് അയാൾ കരുതി.

2020ൽ ഇംഗ്ലണ്ടിൽ കുട്ടികളിൽ നടത്തിയ ഒരു പഠനത്തിൽ ഭാഗ്യം എന്ന അവസ്ഥയെ പറ്റിയുള്ള അവരുടെ ധാരണ ഏതെങ്കിലും സമ്മാനങ്ങളോ പുസ്തകമോ ലഭിക്കുക, കുടുംബത്തിൽ സന്തോഷകരമായി ജീവിക്കുക എന്നതൊക്കെയാണെന്ന് കണ്ടു. 4 വയസ്സു മുതൽ 8 വയസ്സുവരെയുള്ള കുട്ടികളെയാണ് ആദ്യത്തെ പഠനത്തിൽ ഉൾപ്പെടുത്തിയത്. എന്നാൽ രണ്ടാമത്തെ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരുന്നത് 8 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയായിരുന്നു. ഭാഗ്യത്തെ പറ്റിയുള്ള അവരുടെ ധാരണ വേറെയായിരുന്നു. 'ആഗ്രഹിക്കുന്നത് എപ്പോഴും സംഭവിക്കുന്നില്ല. അത് സംഭവിച്ചാൽ മാത്രമേ ഭാഗ്യമെന്നു കരുതാവു' എന്നാണ്.

ഭാഗ്യം വന്നുചേരുന്നത്; ചില ആചാര ക്രമങ്ങൾ അനുഷ്ഠിക്കുന്നവർക്ക് കുട്ടിക്കാലം തൊട്ടേ വിശ്വസിക്കുന്നതുകൊണ്ട്, ചിലർ മുതിരുമ്പോഴും ആ വിശ്വാസം കൊണ്ട് നടക്കുന്നു.

ഇലക്ഷനു മുമ്പ് മുൻ പ്രസിഡന്റ് ബരാക് ഒബാമ ബാസ്കറ്റ്ബോൾ കളികളിൽ നിത്യവും പങ്കെടുത്തിരുന്നു. ഇലക്ഷനിൽ ജയിക്കാനുള്ള ഭാഗ്യം ബാസ്ക്കറ്റ് ബോൾ കളി കൊണ്ടുവരുമെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രസിദ്ധ ബാസ്ക്കറ്റ് ബോൾ കളിക്കാരൻ മൈക്കിൾ ജോർദാൻ NBA യൂണിഫോമിനടിയിലും പണ്ട് കോളേജിൽ പ്രാക്ടീസ് ചെയ്യുമ്പോൾ ഉപയോഗിച്ചുകൊണ്ടിരുന്ന ട്രൗസർ ധരിച്ചിരുന്നത് ഭാഗ്യം പ്രതീക്ഷിച്ചുകൊണ്ടാണ്. ഒരുപക്ഷേ ഭാഗ്യംകൊണ്ട് ആവില്ല അവർ ജയിച്ചത്; ആ വിശ്വാസം അവരുടെ പ്രകടനങ്ങൾ മെച്ചപ്പെടുത്താൻ സഹായിച്ചത് കൊണ്ടാകാം.

ഭാഗ്യത്തെ പറ്റിയുള്ള വീക്ഷണഗതി മാറ്റാൻ സാധിക്കുമോ? അങ്ങനെയാണെങ്കിൽ അത് നല്ല പരിസമാപ്തി കൊണ്ട് തരുമോ? മനശാസ്ത്രജ്ഞർ 'ഭാഗ്യം' കൂട്ടുവാനുള്ള വിദ്യകൾ പറഞ്ഞുതരുന്നു. ഭാഗ്യമുള്ളവർ സ്വന്തം കഴിവുകളെ അറിയുന്നവരും അവസരങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ കഴിവുള്ളവരുമാണ്. അവർ അവരുടെ മനസ്സ് പറയുന്ന അവബോധ(Intution)ത്തിനനുസരിച്ച് പ്രവർത്തിക്കുന്നു.

കഥ

സെമിത്തേരിയിലെ പൂവ്

(ഭാഗം 2 തുടർച്ച)

Er. **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

ഞാൻ ഒരു പുതിയ കെട്ടു കടലാസെ ടുത്തു. പിന്നെ ഈശ്വരനെ മനസ്സിൽ ധ്യാനിച്ചു. മഷിപ്പേനയുടെ ക്യാപ്പൂരി ആദ്യത്തെ വാക്ക് എഴുതാൻ തുടങ്ങിയതും അപ്പുറത്തെ മുറിയിൽ നിന്നും ചിരി കേട്ടു. ഒരു തരം കളിയാക്കിയുള്ള ചിരി.

എന്റെ സകല നിയന്ത്രണങ്ങളുമറ്റു. ഞാൻ ചാടിയെഴുന്നേറ്റു അപ്പുറത്തെ മുറിയിലേക്ക് പാഞ്ഞു ചെന്നു. മുറിയുടെ വാതിൽ ചാരിക്കിടക്കുയായിരുന്നു. ഞാൻ മുറി തുറന്നു അകത്തേക്ക് ചെന്നു.

അകത്തു ലുങ്കിയും ബനിയനും ധരിച്ച ഒരു വൃദ്ധൻ തനിച്ചിരുന്നു ചിരിക്കുന്നു. എന്നെ കണ്ടതും അയാളുടെ മുഖം പേടിച്ചരണ്ടു.

'എന്താ...എന്താ..ആരാ?' അയാൾ ചോദിച്ചു.

'നിങ്ങൾ എന്തിനാണ് തന്നെയിരുന്നു ചിരിക്കുന്നത് ? ' ഞാൻ ചോദിച്ചു.

അയാളുടെ ഭാവം മാറി. 'ആര് പറഞ്ഞു? നിങ്ങൾക്ക് തോന്നിയതാവും ?' അയാൾ ദേഷ്യപെട്ടു. 'ഞാൻ അപ്പുറത്തെ മുറിയിലെ താമസക്കാരനാണ്. ഇത് വല്യ ശല്യമാവുന്നുണ്ട്.'ഞാൻ അരിശത്തോടെ പറഞ്ഞു. പിന്നെ വെട്ടിത്തിരിഞ്ഞു എന്റെ മുറിയിലേക്ക് പോന്നു. ഞാൻ ഇറങ്ങിയതും അയാൾ വാതിലടച്ചു കുറ്റിയിട്ടു.

ഞാൻ മുറിയിൽ മടങ്ങിയെത്തി എഴുതാൻ തുടങ്ങി. ഇനി ചിലപ്പോ അയാളുടെ ശല്യം ഉണ്ടാവില്ലായിരിക്കും. പക്ഷേ എന്റെ പ്രതീക്ഷ

നിങ്ങൾ ശാന്തരും സന്തോഷവാൻമാരും ആണെങ്കിൽ ലോകത്തെ നിങ്ങൾ വിശാലമായ കാഴ്ചപ്പാടിലൂടെ കാണുന്നു. കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നു. കടുംപിടുത്തക്കാർ അല്ലാതെ വേണ്ടപ്പോൾ വഴങ്ങുന്ന സ്വഭാവക്കാരാണെങ്കിൽ വന്നുചേരുന്ന അവസരങ്ങളെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്ത് ജയച്ച് മുൻപോട്ടു പോകുന്നു. ഭാഗ്യം ഉള്ളവർക്ക് അറിയാം എവിടെയാണ് എത്തിനിൽക്കുന്നതെന്നും കാറ്റിന്റെ ഗതി എങ്ങോട്ടാണെന്നും ഇനി ഏത് ദിശയിൽ മുന്നോട്ടു പോകണമെന്നും. ഭാഗ്യമുള്ളവർ നല്ലത് പ്രതീക്ഷിക്കുന്നു. മോശമായ അനുഭവങ്ങളെ ഉൾക്കൊണ്ട് പാഠം പഠിച്ച ശേഷം ഭാഗം നല്ലതാക്കി തീർക്കാൻ ശ്രമിക്കുന്നു. തീർച്ചയായും അവർ ശുഭാപ്തി വിശ്വാസക്കാരാണ്. മോശമായ അനുഭവങ്ങളെ പ്രതിരോധിക്കുവാൻ ശേഷിയും ഉള്ളവരാണ്. അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ അവർ വിചാരിക്കും 'സാരമില്ല ഇതിനേക്കാൾ മോശമായത് വരാനിരുന്നതാണ് '

ഒരു ജീവിതശൈലി എന്ന നിലയിൽ ഒരു ഭാഗ്യ ഡയറി സൂക്ഷിക്കാവുന്നതാണ്. ഓരോ ദിവസവും സംഭവിച്ച നല്ല കാര്യങ്ങൾ എഴുതി വയ്ക്കാം. അതിൽ ഇടപഴകേണ്ടി വന്ന എല്ലാവരോടും കൂട്ടുകാർ, കുടുംബാംഗങ്ങൾ, സ്വന്തം ആരോഗ്യം, നന്ദി രേഖപ്പെടുത്താം. മോശപ്പെട്ട അനുഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കാം.

എപ്പോഴും ഒരേ വഴി തന്നെ തെരഞ്ഞെടുക്കരുത്. വഴികൾ മാറിമാറി നടക്കുക. വൈവിധ്യമാർന്ന ടിവി പ്രോഗ്രാമു കൾ കാണുക. വ്യത്യസ്ത വ്യക്തികളോട് സംസാരിക്കുക. ചെറിയ ചെറിയ മാറ്റങ്ങൾ കൂടി ഫലപ്രദമാക്കാം. കണ്ണുകൾ തുറന്ന് മനസ്സുതുറന്ന് പലപല അവസരങ്ങളെയും സ്വീകരിക്കുവാൻ തയ്യാറായിരിക്കുക.

നിങ്ങൾക്കും ഭാഗ്യവാനാകാം.

അസ്ഥാനത്തായിരുന്നു.

കുറച്ചു എഴുതിയപ്പോഴേക്കും അപ്പുറത്തെ മുറിയിൽനിന്നു പിറുപിറുക്കലും ചിരിയും ഉയർന്നു. ഞാൻ ഹെഡ് ഫോൺ എടുത്തു ചെവിയിൽ വച്ചു ഒരു ഹിന്ദി ഗസൽ പ്ലേ ചെയ്തു.

ഞാൻ ഒരു വിധത്തിൽ കഥ പൂർത്തിയാക്കി. പിറ്റേന്ന് രാവിലെ ഞാൻ പോകാനിറങ്ങിയപ്പോൾ അയാൾ ലോഡ്ജിന്റെ മുറ്റത്ത് ഒരു ചെടി നടുന്നത് കണ്ടു.

'ഇവിടുത്തെ പള്ളി സെമിത്തേരിയിൽ നിന്ന റോസയുടെ കമ്പാ..' അയാൾ എന്നോട് പറഞ്ഞു.

തലേദിവസംനടന്ന കാര്യങ്ങൾ പൂർണ്ണമായി മറന്നമട്ടിലായിരുന്നു അയാളുടെ സംസാരം. എനിക്കയാളോട് സത്യത്തിൽ സഹതാപം തോന്നി.

'ചേട്ടൻ എന്ത് ചെയ്യുന്നു. എന്താണ് തനിയെ സംസാരിക്കുന്നത് ?' ഞാൻ സൗമ്യമായി ചോദിച്ചു.

'ഓ, ഒരു പ്രായം കഴിഞ്ഞാൽ അങ്ങിനെയാവും. മോൻ ക്ഷമിക്കണം. അതൊന്നും ശ്രദ്ധിക്കണ്ട.' അയാൾ പറഞ്ഞു.

'എനിക്കത് നല്ല ബുദ്ധിമുട്ടാണ് ചേട്ടാ.. എന്റെ ജോലിയെ അത് ബാധിക്കും.' ഞാൻ ഉള്ള കാര്യം തുറന്നു പറഞ്ഞു.

'മോനെന്താ ജോലി ?'

'ഞാൻ സിനിമയ്ക്ക് എഴുതാനുള്ള ശ്രമമാണ്.'

'സിനിമ.' അയാൾ പിറുപിറുത്തു. പിന്നെ കയ്യിലിരുന്ന റോസാക്കമ്പിലേക്ക് നോക്കി.

'സെമിത്തേരിയിലെ പൂവുകൾക്ക് നല്ല നിറമാണ്.' അയാൾ വീണ്ടും പിറുപിറുത്തു.

ഞാൻ കൂടുതൽ സംസാരിക്കാൻ നിൽക്കാതെ നടന്നു.

അയാൾക്ക് മാനസികമായ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാവും. ലോഡ്ജ് മാനേജരുമായി ഇതിനെക്കുറിച്ച് സംസാരിച്ചാലോ..

ഞാനെഴുതിയ കഥ നടന്റെ മാനേജർക്ക് ഇഷ്ടമായി. അയാൾ ഉടനെ തന്നെ നടനെ വിളിച്ചു. കഥയുടെ രത്നച്ചുരുക്കം ഞാൻ പറഞ്ഞത് നടനിഷ്ടമായി.

'സ്ക്രിപ്റ്റായോ ?'നടൻ ചോദിച്ചു.

'ഇല്ല സർ. ജസ്റ്റ് കഥ മാത്രം..'

'അത് പറ്റില്ല. സ്ക്രിപ്റ്റ് വേഗം പൂർത്തിയാക്കണം. സംവിധാനം ഞാൻ തന്നെ ചെയ്യും. എനിക്കൊരു പ്രൊഡ്യൂസർ ഉണ്ട്.'

ഞാൻ കേൾക്കുന്നത് സത്യമാണോ അല്ലയോ എന്ന് വിശ്വസിക്കാനാവാതെ ഒരു നിമിഷം നിന്നു .

'സർ..തിരക്കഥ ഉടനെ പൂർത്തിയാക്കാം.'

'ഫീൽഡിൽ ഉടനെ എന്ന വാക്കില്ല. എത്ര സമയം എടുക്കും ?'

'ഒരു മാസം.'

'ശരി.'

നടൻ മാനേജർക്ക് ഫോൺ കൊടുക്കാൻ പറഞ്ഞു. അവർ തമ്മിൽ വീണ്ടും എന്തൊക്കെയോ സംസാരിച്ചു. ഫോൺ വച്ചതിനു ശേഷം മാനേജർ ബാഗിൽനിന്ന് അയ്യായിരും രൂപ എനിക്ക് എടുത്തു തന്നു. 'ഇതൊരു ചെറിയ അഡ്വാൻസാണ്. ഈ കഥ ഇനി വേറെ ആരോടും പറയണ്ട.' ഞാൻ തലയാട്ടി. അവിടെ നിന്നിറങ്ങുമ്പോൾ അയാൾ പിന്നിൽ നിന്ന് വിളിച്ചു. 'സിനിമയിൽ ഒന്നിനും ഒരു ഉറപ്പില്ല. അതോർമ്മ വേണം.'

ഒരു മുന്നറിയിപ്പ് പോലെ അയാൾ പറഞ്ഞു. ചിലപ്പോൾ എങ്ങാനും പ്രോജക്റ്റ് നടക്കാതെ വന്നെങ്കിൽ നിരാശപ്പെടാതിരിക്കാനാവും .'എനിക്കറിയാം സർ. '

'സിനിമയിൽ എന്നല്ല ജീവിതം മൊത്തത്തിൽ ഒന്നിനും ഒരു ഉറപ്പുമില്ല.' ഇത്തവണ അയാൾ അത് തന്നോട് തന്നെയാണ് പറഞ്ഞത്. അപ്പോൾ ഞാൻ ലോഡ്ജിലെ വൃദ്ധനെക്കുറിച്ച് ഓർത്തു.

തിരിച്ചു ലോഡ്ജിലേക്ക് നടക്കുമ്പോൾ നേരിയ മഴയുണ്ടായിരുന്നു. ഒരു മാടക്കടയുടെ ചായ്പിൽ കയറിനിന്ന് ഒരു സിഗരറ്റ് വാങ്ങി പുകച്ചു. നക്ഷത്രങ്ങൾ നിറഞ്ഞ മാനം, താഴെ പട്ടണത്തിലെ വെളിച്ചങ്ങൾ. കീശയിൽ കയ്യിട്ടു ആ നോട്ടുകളിൽ സ്പർശിച്ചു. താൻ തിരഞ്ഞെടുത്ത പാത ശരിയെന്നു തിരിച്ചറിയുമ്പോൾ തോന്നുന്ന ആശ്വാസം വലുതാണ്.

പലവിധ ചിന്തകളും പ്ലാനുകളുമായി ലോഡ്ജിൽ എത്തി. രണ്ടു കെട്ടു പേപ്പറും

പേനകളും വാങ്ങി. റൂമിലെത്തി കുളിച്ചു. സ്ക്രിപ്റ്റ് എഴുതുന്നതിനു മുൻപ് ഒന്ന് പ്രാർത്ഥിച്ചു. ആദ്യമായാണ് പ്രാർത്ഥിക്കുന്നത്. സിനിമ ഭാഗ്യനിർഭാഗ്യങ്ങളുടെ കളിയാണ്. വിശ്വാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും പ്രാർത്ഥിക്കണം.

പ്രാർത്ഥന കഴിഞ്ഞു.മേശയിൽ റൈറ്റിംഗ് ബോർഡിൽ കടലാസ് പിൻ ചെയ്തുവച്ചു. ഒരു നിമിഷം കണ്ണടച്ചു. കണ്ണ് തുറന്നു മുൻപിലെ വെളുത്ത ശൂന്യതയിലേക്ക് നോക്കി. ആ വെളു പ്പിലാണ് തന്റെ ഭാവി. വെറുതെ കടലാസിന്റെ മിനുസമായ പ്രതലത്തിലൂടെ വിരലോടിച്ചു. ഭാവിയെ സ്പർശിക്കുന്നത് പോലെ തോന്നി.

സീൻ ഒന്ന് എന്നെഴുതാൻ തുടങ്ങിയതും ഫോൺ ബെല്ലടിച്ചു. ദൈവമേ തുടക്കത്തിലെ തടസ്സമാണോ എന്നൊരു ആന്തൽ മനസ്സിലൂടെ പാഞ്ഞു. ഹേയ്, ഇങ്ങനെ അന്ധവിശ്വാസി യാകരുത്. സ്വയം കുറ്റപ്പെടുത്തിക്കൊണ്ട് ഫോൺ എടുത്തു.

'താനിന്നു ലീവാണോ?' നൈറ്റ് ഹോട്ട ലിലെ മാനേജരാണ്. സ്വരത്തിൽ നല്ല ദേഷ്യ മുണ്ട്. കഥ സിനിമയാകുന്ന സന്തോഷ ത്തിൽ ലീവ് പറയാൻ മറന്നു പോയി.

'തനിക്കൊന്നു നേരത്തെ പറയത്തില്ലായിരുന്നോ ? ഇന്നിപ്പോ പൊറോട്ട അടിക്കുന്ന ആൾ വന്നിട്ടില്ല.''

'ഇന്നൊരു ദിവസം സാർ തന്നെ പൊറോട്ട അടിക്ക്..'അപ്പുറത്ത് ഒരു നിമിഷം നിശബ്ദത. പിന്നെ ഒരു പുഴുത്ത തെറി.

'താനിനി ഇങ്ങോട്ട് വരണ്ട.' മാനേജർ മുരണ്ടു.

ഒരു സ്ക്രിപ്റ്റ് റൈറ്ററെയാണ് അയാൾ തെറി വിളിച്ചിരിക്കുന്നത്. ഈ സിനിമ പുറത്തിറങ്ങിയാൽ സ്ഥാനം വച്ചു നോക്കിയാൽ അയാൾ കീടമാണ്. കീടം.

'എടൊ കീടം എനിക്ക് തന്റെ ഹോട്ടലിലെ പണി വേണ്ട.' അത് കേട്ടതും അയാൾ ഫോൺ കട്ട് ചെയ്തു. അയാളെ രണ്ടു തെറി തിരിച്ചു വിളിക്കാഞ്ഞിട്ടു ഒരു ഇച്ഛാഭംഗം തോന്നി.

വീണ്ടും മുന്നിലെ വെളുത്ത കടലാസിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. ഉള്ളിലിരുന്നു ആരോ കുറ്റപ്പെടുത്തുന്നു.

മാനേജരോട് ഇത്തിരി മര്യാദയ്ക്ക് പെരുമാറാമായിരുന്നു. താൻ അനാവശ്യവർത്തമാനം പറഞ്ഞത് കൊണ്ടാണ് അയാൾ തെറി പറഞ്ഞത്.

ഒരു നിമിഷം കണ്ണടച്ചു. മനസ്സിനോട് ശാന്തമാകാൻ കെഞ്ചി. എഴുത്തിൽ ഏറ്റവും ആവശ്യം ഏകാഗ്രതയാണ്. ആൾക്കൂട്ടത്തിനു നടുവിലും ഒറ്റയ്ക്കാകാൻ എഴുത്തുകാരനു കഴിയണം. ഉള്ളിന്റെയുള്ളിലെ നെടുവീർപ്പിലാകണം ശ്രദ്ധ. ആ നെടുവീർപ്പിൽനിന്ന് കിനിഞ്ഞു വീഴുന്ന അക്ഷരങ്ങൾക്ക് വേണ്ടി മാത്രമാകണം കാത്തിരിപ്പ്.

അൽപ്പനേരം ഒന്നും ചെയ്യാതെ ശാന്തമായിരുന്നു. എല്ലാം മറന്നു. സിനിമയും സാമ്പത്തികപ്രതിസന്ധിയും താൽക്കാലിക ജോലിയും എല്ലാം..

ആത്മഹത്യ ചെയ്യാനൊരുങ്ങുന്ന നായകൻ.... അതാണ് ഒന്നാമത്തെ സീൻ. വികാരവിക്ഷുബ്ധമായ ഒരു രംഗമാണ്.

നായകന്റെ മനോനില മനസിൽ തെളിഞ്ഞു. ആ സീനിൽ വരേണ്ടത് മുഴുവൻ ഒരു ചിത്രത്തിലെന്ന പോലെ തെളിഞ്ഞു.

ഇപ്പോൾ മനസ്സ് ഒരു സ്ഫടിക കുപ്പി പോലെയായിരിക്കുന്നു. അതിൽ അമൃത് പോലെ വാക്കുകൾ ഊറിക്കൂടിയിരിക്കുന്നു. ഇനി ശ്രദ്ധ പതറാതെ അത് മുൻപിലിരിക്കുന്ന കടലാസ് താളിന്റെ വെൺമയിലേക്ക് പകർന്നാൽ മതി.

സീൻ ഒന്ന്...മെല്ലെ കടലാസിൽ എഴുതി. അടുത്ത നിമിഷം അപ്പുറത്തെ മുറിയിൽ നിന്ന് ഒരു ചുമ കേട്ടു.

കിഴവൻ വന്നിരിക്കുന്നു. ഒരു അടക്കിപ്പിടിച്ച ചിരി കേട്ടു. പിന്നെ ഒരു ഉറക്കെയുള്ള ചിരി. സംസാരം... കഴിയില്ല..

എഴുതാൻ കഴിയുമെന്ന് തോന്നുന്നില്ല.

ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. വാതിൽ ചവിട്ടിപ്പൊളിക്കാനുള്ള ദേഷ്യത്തോടെയാണ് അയാളുടെ മുറിയുടെ മുൻപിലേക്ക് ചെന്നത്. അയാൾ വാതിൽ തുറക്കില്ലെന്നാണ് കരുതിയത. എന്നാൽ ആദ്യത്തെ തട്ടിന് തന്നെ കിഴവൻ വാതിൽ തുറന്നു.

'ഏതു സെമിത്തേരിയിൽ നിന്നാണ് എന്ന് ഞാൻ പറയില്ല.അതൊരു രഹസ്യമാണ്.'

കിഴവൻ വാതിൽ തുറന്നയുടനെ എന്നെ നോക്കി പറഞ്ഞു.

എന്നെ നോക്കി എന്ന് പറയാൻ കഴിയില്ല. അയാളുടെ നോട്ടം എന്നെയും കടന്നു പോവുന്നുണ്ടായിരുന്നു .അയാൾ മറ്റാരോടോ ആണ് അത് പറയുന്നതെന്ന് എനിക്ക് തോന്നി.

രാവിലെ അയാൾ സെമിത്തേരിയിലെ പൂവുകളുടെ നിറത്തെ പറ്റി സംസാരിച്ചത് ഞാൻ ഓർത്തു.

കൂടുതലെന്തെങ്കിലും പറയുന്നതിന് മുൻപ് അയാൾ വാതിലടച്ചു.

എനിക്കൊട്ടും സഹതാപം തോന്നിയില്ല. അയാളുടെ ഭ്രാന്തു സഹിച്ചു ജീവിക്കാൻ തുടങ്ങിയാൽ തകരുന്നത് എന്റെ ഏറ്റവും വലിയ സ്വപ്നമാണ്. ഞാൻ നേരെ ലോഡ്ജ് മാനേജരുടെ മുറിയിലേക്ക് ചെന്നു.

'ഒന്നുകിൽ അയാളെ അവിടെ നിന്ന് മാറ്റണം. അല്ലെങ്കിൽ എനിക്ക് മറ്റൊരു മുറി തരേണ്ടി വരും.'

'ഇപ്പൊ വേറെ മുറി ഒന്നും ഒഴിവില്ലല്ലോ. 'മാനേജർ നിസ്സഹായനായി. ഇത്ര കുറഞ്ഞ വാടകയ്ക്ക് മുറി ലഭിക്കുന്ന മറ്റൊരു ലോഡ്ജില്ല. ഉള്ള ജോലിയാണെങ്കിൽ നഷ്ടപ്പെട്ടു. കയ്യിൽ പണവും കുറവ്.ഞാൻ നിശബ്ദനായി. 'അയാൾ ഒരു വർഷത്തേക്ക് വാടക മുൻകൂറായിതന്നതാണ്. പിന്നെ അയാളുടെ കാര്യവും ഇത്തിരി കഷ്ടമാണ്.' മാനേജർ പറഞ്ഞു.

'അയാളൊരു സിനിമാ നിർമ്മാതാവായിരുന്നു. പണം മുഴുവൻ നഷ്ടപ്പെട്ടപ്പോൾ അയാൾ ബിസിനസിൽ നിന്നും കുടുംബത്തിൽ നിന്നും ഔട്ടായി.'

അതുവരെയില്ലാതിരുന്ന സഹതാപത്തിന്റെ ഉറവ എന്റെയുള്ളിൽ പൊടിച്ചു.

'ഞാനീ ലോഡ്ജ് നടത്താൻ തുടങ്ങിയിട്ട് വർഷങ്ങളായി. ആ വൃദ്ധനെപ്പോലെ ഒരുപാട് പേരെ ഞാൻ കണ്ടിട്ടുണ്ട്. ഒരുകാര്യം സത്യമാണ്. തീരെ നിഷ്കളങ്കരായ മനുഷ്യർ ഒടുക്കം ഒറ്റപ്പെടും.'

മാനേജരുടെ മുറിയിൽനിന്ന് തിരികെ നടക്കുമ്പോൾ അയാൾ പറഞ്ഞ അവസാനത്തെ വാചകം ഉള്ളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

മാനേജർ അയാളുമായി സംസാരിച്ചു എന്ന് തോന്നുന്നു. അയളുടെ ശല്യം തീരെ കുറഞ്ഞു.

ഞാൻ രാത്രി വൈകുവോളം എഴുതി. പകൽ കിടന്നുറങ്ങി.

പകൽ വൃദ്ധൻ മുറിയിൽ ഉണ്ടാവില്ല. രാത്രി വളരെവൈകിയാണ് അയാൾ മുറിയിൽ തിരിച്ചെത്തുന്നതും.

'നിങ്ങൾക്ക് ശല്യമാവാതിരിക്കാൻ അയാൾ പകൽ അടുത്തുള്ള ഒരു പള്ളി സെമിത്തേരിയിൽ പോയിരിക്കും.' ഒരു ദിവസം എന്നെ കണ്ടപ്പോൾ മാനേജർ പറഞ്ഞു.

'സെമിത്തേരിയോ ?'

'അതെ. പള്ളിയിലും പാർക്കിലും ഒക്കെ കിട്ടുന്നതിനെക്കാൾ സമാധാനം സെമിത്തേരിയിൽ പോയാൽ കിട്ടുമെന്നാ പുള്ളി പറഞ്ഞത്.'

'എന്തായാലും ഇപ്പോൾ തനിയെ ഉള്ള സംസാരം കുറഞ്ഞിട്ടുണ്ട്.' ഞാൻ പറഞ്ഞു.

'വണ്ടുകൾ മുറിക്കുള്ളിൽ പെട്ടു പുറത്തു പോകാൻ പറ്റാതെ ഉഴറുന്നത് കണ്ടിട്ടില്ലേ? അതുപോലെയാണ് ഇത്തരം മാനസിക പ്രശ്നമുള്ളവരുടെ കാര്യം. തനിയെ വർത്തമാനം പറയുമ്പോൾ അവർക്ക് ഒരു ആശ്വാസം ലഭിക്കുന്നുണ്ട്. അവരുടെ ഉള്ളിലെ ഒരു അപരിചിതനുമായി അവർ കൂട്ടുകൂടുകയാണ്. ആ സാമീപ്യം ലഭിക്കാതെ വരുമ്പോൾ ശ്വാസം കിട്ടാതെ വരുമ്പോഴുള്ള ഒരു വീർപ്പുമുട്ടലുണ്ടാകും.'

മാനേജർ പറഞ്ഞതൊക്കെ അനുഭാവം ഭാവിച്ചു കേട്ടെങ്കിലും ഒന്നും എന്റെ മനസ്സിൽ തട്ടിയില്ല. മനസ്സിൽ മുഴുവൻ എഴുത്തിന്റെ ടെൻഷനാണ്. തിരക്കഥ തീർക്കാൻ അനുവദിച്ച സമയം അവസാനിക്കുകയാണ്.

ക്ലൈമാക്സ് എഴുതുന്ന രാത്രി.ഇതാണ് തിരക്കഥയിലെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം. ഇതിൽ പാളിച്ച പറ്റിയാൽ സിനിമ പരാജയപ്പെടും. എന്റെ സിനിമാ ജീവിതവും. ഒരു പക്ഷേ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാത്രി. പെട്ടെന്നാണ് അപ്പുറത്തെ മുറിയിൽ നിന്ന് കരച്ചിൽ കേട്ടത്.

(തുടരും...)

Letter by Association

KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

President	*General Secretary*	*Treasurer*
Er. Sunil K.	**Er. Geetha V.S.**	**Er. Santhosh E.**
Vice- Presidents	*Organising Secretaries*	*Secretaries*
Er. G. Shaj Kumar (S)	**Er. Kunjunni P.S. (S)**	**Er. M. Muhammed Rafi (HQ)**
Er. Nagaraj Bhat K (N)	**Er. Shine Sebastian (N)**	**Er. B. Nishanth (S)**
		Er. Pramod Kumar M. (N)

KSEBEA/Letters/2022-23/15 15-06-2022

To

The Chief Personnel Officer
Kerala State Electricity Board Ltd

Sir,

Sub: - Permission to conduct a technical quiz program at MA College of Engineering Kothamangalm.

Ref: - Nil

Mar Athanasius College of Engineering, Kothamangalam is a pioneer engineering institution in central Kerala in 1961,managed by Mar Athanasius College Association and aided by the Government of Kerala and affiliated to APJ Abdul Kalam Technological University. The Electrical and Electronics Engineering department of Mar Athanasius College of Engineering with a proud history of over 50 years has approached KSEB Engineers Association to associate with them to conduct an Inter collegiate technical quiz on Electrical Engineering and Electricity Industry on24th June 2022.

KSEB Engineers' Association is eager to associate with the scholars of that prestigious institution to impart our experience and expertise in the field of power engineering, to the students of our state in guiding them to a bright future. We hope this program shall boost the confidence of the participants in the field of power Engineering and are hopeful that the program shall impart knowledge about the industry in general and shall help to propagate our Company's mission and vision to the budding Engineers in our State.

KSEB Engineers' Association have entrusted the task of conducting the technical quiz with Sri.Anilkumar.G, Assistant Executive Engineer, Electrical Circle Ernakulam Employee code :1045368.

It is requested that permission may please be granted to conduct an Inter collegiate technical quiz on electrical Engineering and Electricity Industry on 24th June 2022 at Mar Athanasius College of Engineering, Kothamangalam.

Yours faithfully,
Sd/-
GENERAL SECRETARY

KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

President
Er. Sunil K.

Vice- Presidents
Er. G. Shaj Kumar (S)
Er. Nagaraj Bhat K (N)

General Secretary
Er. Geetha V.S.

Organising Secretaries
Er. Kunjunni P.S. (S)
Er. Shine Sebastian (N)

Treasurer
Er. Santhosh E.

Secretaries
Er. M. Muhammed Rafi (HQ)
Er. B. Nishanth (S)
Er. Pramod Kumar M. (N)

KSEBEA/Letters/2022-23/16 16-06-2022

To

The Chairman and Managing Director,
KSEB Limited
The Director(Finance,IT &HRM)
KSEB Limited

Sir

Sub : - Anomalies in Provisional Protection List of Officers – GT 2022- concerns-reg

Ref : Provisional Protection List of Officers published in HRIS

The provisional protection list of officers were published on 15.06.2022 in which 326 nos. of officers of different categories are being provided administrative protection for retaining in their respective offices during the GT 2022.We have found out many anomalies in the list which are being pointed out here.

1. Generation Protection is given for 105 engineers in which 50% norms stipulated in the Guidelines has not been followed.
2. Transmission Protection is given for 77 engineers and is given for completing various transmission construction projects and in Relay and Protection wings which also exceeds 50% of the total strength.
3. Under Soura Project, 36 nos of officers have been protected which also includes office places in REES VB TVM. Soura AEs are only tasked with coordination of the Solar connections with the vendors and does not require any expertise.

4. Coming to places in IT wing, out of 122 staffs working under CE(IT & CR) ,about 68 nos of employees have been given protection coming to a percentage of 55.74%. A split-up percentage is listed here below.

   IT Computerisation Unit – 62.50%

   IT Cyber Security Division – 62.50%

   IT Projects Division – 44.4%

   Centralised Call Centre – 71.74%

   Almost all System Administrators and System Supervisors are provided with protection.

5. A major anomaly is that persons who have retired from service and those who are promoted and posted as Executive Engineer posts are also given protections.

6. Normally an officer works in an office for a maximum period of 3 years beyond which she/he is given administrative protection for 4th year and 5th year for completing some projects/major works. But in this provisional list, it is seen that officers who are working in the same place for more than 5 years or even more than 10 years in the same places have been again given administrative protection. This means that even after introduction of online transfer system in 2017, these officers are continuously getting administrative protection every year. This is very detrimental to the organisation and will help only in creating "ego expertise"

7. About 25 nos of officers are protected in office places in various offices of Vydyuthi Bhavanam,Thiruvananthapuram.

8. Since this year, the flagged posts were abolished, persons who availed flagged posts protection during last year had come up in the protection lists again through Administrative protection.

9. Assistant Engineers working as SOURA coordinators got Admin protection ,but their lien has been fixed at respective Substations having Posting strength 1 or 2. Due to this AEs of those substations having posting strength one have to be transferred/shifted from their stations leaving those stations without Assistant Engineers.

   The above anomalies observed are tabulated and attached as **Annexure**

In the above circumstances ,it is hereby requested to implement the following to curb the huge list of Administrative Protection.

1. Administrative Protection in Generation, Transmission wings should be trimmed judiciously as per the prevailing guidelines.
2. All administrative protections given for Soura AEs should be removed.
3. The Chief Engineer (IT&CR) may be asked to revisit the list and trim the list so that incumbents those who are working for more than 5 years should be removed.
4. In the published protection lists, separate columns as given below may be added against each employee.

- Date from which the employee is working in that office. (For VB TVM, the joining date in VB, TVM shall be mentioned)
- How many administrative protections has been obtained by the employee in the past
- The reason for giving administrative protection in the current year (the name of project/name of task to be mentioned)

5. Administrative protection shall be given to only field places and No administrative protection shall be given for office places.
6. The Provisional Protection Lists shall be sent back to the concerned Chief Engineers and they shall be directed to relook on the lists and remove all the persons who have completed 5 years in a particular office.
7. The CPO shall verify the final list and check that retired personnel does not appear in the list.
8. The final protection lists may be published before 25th June 2022 and the window for GT 2022 may be reopened for editing the choices given by employees based on the final list of protection at least for two days.

We kindly request you to implement the Administrative Protection in its true spirit and respect. It shall be a tool for creating a professional atmosphere in the organisation and shall not serve to meet personal/vested interests.

Yours faithfully,
Sd/-
GENERAL SECRETARY
Copy to:The Chief Engineer(HRM)
Acc:Annexure

KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

President
Er. Sunil K.

General Secretary
Er. Geetha V.S.

Treasurer
Er. Santhosh E.

Vice- Presidents
Er. G. Shaj Kumar (S)
Er. Nagaraj Bhat K (N)

Organising Secretaries
Er. Kunjunni P.S. (S)
Er. Shine Sebastian (N)

Secretaries
Er. M. Muhammed Rafi (HQ)
Er. B. Nishanth (S)
Er. Pramod Kumar M. (N)

KSEBEA/Letters/2022-23/17 04-07-2022

To

The Chairman and Managing Director,
KSEB Limited
The Director(Finance,IT &HRM)
KSEB Limited

Sir,

Sub: Suspension of Sri.Tenie T G, Assistant Engineer, Electrical Section Koorkanchery- corrective action and reinstating- reg.

In connection with the recent accident occurred on 23/06/2022 under Electrical Section,Beypore in Kozhikode District, an Assistant Engineer from Electrical Section, Koorkanchery in Thrissur district has been suspended citing grave offence and dereliction of duty. In the suspension order, the lapse against him has been explained as that the accident causing pole was shown as being dismantled in an earlier work and already been measured on 05.01.2021. We are of the opinion that it is not the real reason for the cause of the accident.

1. We agree that there has been a measurement lapse from the part of the Assistant Engineer but does not understand the fact that how the accident is connected to the lapse in measurement. Accident happened because of the supervisory lapse from the concerned Sub engineer and overseer who were authorised to supervise the work. Since it is an LT dismantling work, the overseer of the section is responsible for supervising the work. The work should have been discussed in the sunrise meeting of the section and mentioned in the sunrise register of the section. But that part is not mentioned anywhere in the order.
2. The work bill office copy shows that the Check measurement of AEE was done on 24.12.2020 and later the Assistant Engineer who was placed under suspension had measured it on 05.01.2021. As per the relevant rules of KFC, AEE should do 100% check measurement of all the items in a work bill and hence here AEE has

check measured the work on an earlier date than the Assistant Engineer and how come no disciplinary action has been taken against the AEE who did the check measurement.

3. Suspension is initiated against an employee to withhold him from the present office so that he does not get an opportunity to tamper with the evidence against her/him. But here, the Assistant Engineer against whom suspension orders are being issued is working in an office in Thrissur district and does not have any chance to tamper the evidence connected with the incident happened in a section office in Kozhikode District. Giving a disciplinary memo and conducting enquiry would have been required in this case but suspension orders were issued against him in a hasty manner before examining the facts and going into the details.
4. We understand that the present action against the Assistant Engineer has been taken in a hurry for dimming out the media and public outcry, but the fact remains that the real culprits who were behind this action are let free.
5. The present section office officials claim that the work carried out by the contractor is an unauthorised work and they are not knowing the work. But the consumer who had requested for removing the pole has given an application before the section AE and AE directed the SUB ENGINEER to inspect and report on 04/01/2022. The sub engineer has given a field verification report –"RCC pole is not in dangerous condition!" . Still there is no action against the concerned Section officials who has delayed the process of the request.
6. Please note that Sub engineer on 07/01/2022 reported that the said pole is not in dangerous condition. Also, the same complaint in CCC portal about this pole dated 21/06/2022 was rectified by section officials. But after two days the pole was removed by the contractor and end up in the tragedy. Hence the action of previous Assistant Engineer, Sri. Tenie T .G in this accident is not relevant.
7. In the suspension order the said pole is mentioned as RCC wp support pole. But the bill documents clearly says no wp support was removed or replaced. In the MCS no RCC pole was mentioned in Taken Back of materials. MCS clearly has some mismatch in the taken back materials and which was not clearly audited by audit wing. So, blaming Assistant Engineer alone for the lapses in measurement is no way justifiable.

We condemn the decision taken by the Management for taking disciplinary action against field officials citing grave offence and not pointing out the real cause of the accident. We kindly request you to take corrective action and reinstate Sri.Tenie T G at the earliest at Electrical Section Koorkanchery and enquiry proceedings shall be initiated as per rule. We kindly request you to take a decision considering all the viewpoints in a case and not based on unilateral enquiry reports given from the field.

Thanking you,

Yours faithfully,
Sd/-
GENERAL SECRETARY

KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

President
Er. Sunil K.

General Secretary
Er. Geetha V.S.

Treasurer
Er. Santhosh E.

Vice- Presidents
Er. G. Shaj Kumar (S)
Er. Nagaraj Bhat K (N)

Organising Secretaries
Er. Kunjunni P.S. (S)
Er. Shine Sebastian (N)

Secretaries
Er. M. Muhammed Rafi (HQ)
Er. B. Nishanth (S)
Er. Pramod Kumar M. (N)

KSEBEA/Letters/2022-23/18 06-08-2022

To,
The Chief Personnel Officer,
KSEB Limited.
Sir,

Sub: Notice of protest against the unilateral attempt to get the Electricity (Amendment)Bill 2022 passed in the Parliament-reg.

It is learnt that the Central Government is going to introduce & pass the Electricity (Amendment) Bill 2022 in the ongoing monsoon session of Parliament. In this regard, wehave the following request from you.

- The Electricity (Amendment) Bill 2022 is being brought to amend the Electricity Act 2003, which is going to have far-reaching adverse effects on the power sector, electricity consumers and electricity employees and engineers.
- Last year, the Central Government had promised through a written letter to the United Kisan Morcha that the Electricity (Amendment) Bill would not be introduced in the Parliament without consultation with all the stakeholders, including farmers. Now if the central government has taken a unilateral decision to present and pass it in the Parliament, then it is a clear violation of the promise given.
- Despite repeated requests from All India Power Engineers Federation, the Central Government has not held any talks with the Electricity Engineers or the employees even once regarding the Electricity (Amendment) Bill 2022.

As per the decision taken by the All India Power Engineers Federation, we would like to inform you that in protest to the certain provisions of the Electricity (Amendment) Bill 2022 and the Central Government's policy of privatization of the power sector,KSEB Engineers'Association will leave the workplace/office ,on August 8, 2022.

Yours faithfully,
GENERAL SECRETARY

23-07-2022 ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ വച്ച് CEETA Day പൂർവ്വ വിദ്യാർത്ഥി സംഗമം നടന്നു. കവിയും ഗാനരചയിതാവുമായ ശ്രീ വയലാർ ശരത്ചന്ദ്ര വർമ്മ, സിനിമാ താരം ഉണ്ണിമായ പ്രസാദ് എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. ചടങ്ങിൽ വച്ച് CET 50 വർഷം പിന്നിട്ട പൂർവ്വ വിദ്യാർത്ഥികളെ ആദരിച്ചു. 288 അംഗങ്ങൾ ഓൺലൈനായി പങ്കെടുത്ത ഗാനാലാപനത്തിലൂടെ ഗിന്നസ് വേൾഡ് റെക്കോഡ് കരസ്ഥമാക്കിയ CET പൂർവ്വ വിദ്യാർത്ഥികൾക്ക്ചടങ്ങിൽ വച്ച് മുഖ്യാതിഥികൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 29-08-2022



Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only